OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book. 06 Regd. No. ER/450/2001 1196 എടവം- മിഥുനം ജൂൺ Date: 30.06.2021

# ലോക പരിസ്ഥിതി ദിനം



പ്രകൃതിയുടെ പ്രാധാന്യത്തെക്കുറിച്ച് ആളുകളെ ഓർമ്മിപ്പിക്കുന്നതിനായി എല്ലാ വർഷവും ജൂൺ 5 ന് ലോക പരിസ്ഥിതി ദിനം ആഘോഷിക്കുന്നു. പരിസ്ഥിതിയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായാണ് ഇത് ആഘോഷിക്കുന്നത്. ''ആവാസ വ്യവസ്ഥ പുനർ നിർമ്മിക്കുക" എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം.

"പ്രകൃതി എന്റെ ശ്വാസമാണ്
പ്രകൃതി എന്റെ ജീവനാണ്
പ്രകൃതി എന്റെ രക്തമാണ്
പ്രകൃതി എന്റെ ഹൃദയമാണ്
പ്രകൃതി എന്റെ കൂട്ടുകാരൻ ആണ്
ഈ ഞാൻ തന്നെയാണ് പ്രകൃതി".

പ്രകൃതിയെ നിസ്സാരമായി കാണരുതെന്നും അതിന്റെ മൂല്യങ്ങളെ ബഹുമാനിക്കണമെന്നും ലോകമെമ്പാടും വിചിന്തനം ചെയ്യപ്പെടുന്നു. കാലാവസ്ഥ വ്യതിയാനം രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എല്ലാ വർഷവും പരിസ്ഥിതി ദിനത്തിന്റെ പ്രധാന്യം വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുകയും ആളുകൾ വീടിനകത്ത് ഒതുങ്ങുകയും ചെയ്യുന്നതിനാൽ പരിസ്ഥിതിക്കും, ഭൂമിമാതാവിനും ആവാസ വ്യവസ്ഥക്കും നേരിയ നേട്ടമുണ്ടായതായി തോന്നുന്നു. കൊറോണ വൈറസ് ലോക്ക്ഡൗണിന്റെയും സർക്കാരിന്റെ കർക്കശ നിയന്ത്രണങ്ങളുടേയും സാഹചര്യത്തിൽ അന്തരീക്ഷ മലിനീകരണത്തിനും നശീകരണ പ്രവർത്തനങ്ങൾക്കും വ്യക്തമായ കുറവ് സഭവിക്കുന്നത് തിരിച്ചറിയാനാകുന്നുണ്ട്. ഇത് നിലനിർത്താനായാൽ മനുഷ്യ ഇടപെടലുകളുടെ അഭാവത്തിൽ, പ്രകൃതി സ്വയം വൃത്തിയാക്കാനും അതിൻെറ ഇടം വീണ്ടെടുക്കാനും ശ്രമിക്കുന്നതായി അനുഭവവേദ്യമാകും. മാതാ അമൃതാനന്ദമയിയുടെ വാക്കുകൾ കടമെടുത്ത് കുറിക്കട്ടെ;

" മരം പറഞ്ഞു : " വിഷമിക്കേണ്ട , ഇപ്പോഴും എൻെറ കുറ്റിയിൽ നിനക്ക് ഇരിക്കാനുള്ള ഇടമുണ്ട് . മാത്രമല്ല, നീ മരിക്കുമ്പോൾ ശരീരം ദഹിപ്പിക്കാനും ഈ വേരും കുറ്റിയും പ്രയോജനപ്പെടും ."

പ്രകൃതി സദാ സകലതും നമുക്കു തന്നു കൊണ്ടിരിക്കുകയാണ്. നമ്മളാകട്ടെ സ്വന്തം സന്തോഷം മാത്രമാണു നോക്കുന്നത് . പ്രകൃതിയോട് നമ്മൾ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന വാസ്തവം നമ്മളറിയുന്നില്ല . നമ്മൾ പ്രകൃതിയെ സംരക്ഷിക്കുകയല്ല, പ്രകൃതി മാതാവ് നമ്മളെയാണ് സംരക്ഷിക്കുന്നത് . ഈ തിരിച്ചറിവുണ്ടായാൽ പ്രകൃതിക്കു നാശം വരുത്തുന്ന ഒരു പ്രവൃത്തിയും നമ്മുടെ ഭാ ഗത്തുനിന്ന് ഉണ്ടാവുകയില്ല .






# ഫാദേഴ്സ് ഡേ

പിതാക്കന്മാരെയും, പിതൃബന്ധത്തെയും ബഹുമാനിക്കുന്ന ഒരു ആഘോഷമാണ് പിതൃദിനം. സമൂഹത്തിൽ പിതാക്കന്മാരുടെ സ്വാധീനവും കരുതലും തലമുറകൾക്ക് പകർന്നു കൊടുത്ത ആത്മവിശ്വാസവും ആദരിക്കപ്പെടുന്ന ദിവസം.

1910ൽ അമേരിക്കയിലാണ് ആദ്യമായി പിതൃദിനം ആഘോഷിച്ചത്. സൊനോറ സ്മാർട്ട് ഡോഡ് എന്ന പെൺകുട്ടിയുടെ ആശയം.. അമ്മ മരിക്കുമ്പോൾ സെനോറയും അവളുടെ അഞ്ച് അനുജന്മാരും കുഞ്ഞുങ്ങളാണ്. അവരാറുപേരുടെയും ചുമതല അച്ഛന്റെ ചുമലിലായി.. വില്യം ജാക്സൺ എന്ന ആ അച്ഛൻ നന്നായിത്തന്നെ മക്കളെ വളർത്തി.



വിഷമങ്ങളും പ്രതിസന്ധികളും അറിയിക്കാതെ തങ്ങളെ വളർത്തി വലുതാക്കിയ അച്ഛന് വലിയൊരു സന്തോഷം സമ്മാനിക്കണമെന്ന് കുറച്ചു മുതിർന്നപ്പോൾ മകൾക്ക് തോന്നി. അവൾ പലരോടും ഈ കാര്യം പങ്കുവെച്ചു. എല്ലാവരും ചേർന്ന് അവളുടെ സ്വപ്നം യാഥാർഥ്യമാക്കി. അങ്ങനെ 1910 ജൂണിലെ ഒരു ഞായറാഴ്ച പ്രാദേശികമായി പിതൃദിനം ആഘോഷിച്ചു. പിന്നെപ്പിന്നെ ആ ആഘോഷം പലനാടുകളിലേക്കും വ്യാപിച്ചു. 1972-ൽ അമേരിക്കയുടെ അന്നത്തെ പ്രസിഡന്റായ റിച്ചാഡ് നിക്സൺ എല്ലാവർഷവും ജൂണിലെ മൂന്നാമത്തെ ഞായറാഴ്ച 'ഫാദേഴ്സ് ഡേ' ആയി ആചരിക്കുന്നതിനുള്ള ഔദ്യോഗിക പ്രഖ്യാപനം നടത്തി.

## കത്തോലിക്കാ യൂറോപ്പിൽ പിതൃദിന ആഘോഷം

കത്തോലിക്കാ യൂറോപ്പിൽ പിതൃദിന ആഘോഷം മദ്ധ്യകാലഘട്ടങ്ങൾ മുതൽതന്നെ ആരംഭിച്ചിരുന്നു. ഇത് മാർച്ച് 19 ന്, സെന്റ് ജോസഫ് എന്ന ഉത്സവത്തോടനുബന്ധിച്ച് യേശുവിന്റെ പിതാവ്' എന്ന സങ്കല്പത്തിലാണ് ആചരിച്ചു വന്നത്. തെക്കേ യൂറോപ്യൻ പാരമ്പര്യത്തിൽ ഓരോ കത്തോലിക്കാ വിശ്വാസിയും ഇപ്രകാരം ' പിതൃദിനം ആഘോഷിക്കുന്നു. ഈ ആഘോഷം അമേരിക്കക്കാരാണ് കൊണ്ടുവന്നതെങ്കിലും സ്പാനിഷ്, പോർച്ചുഗീസ്, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലും കണ്ടുവരുന്നു. ചിലയിടങ്ങളിൽ മാർച്ച് 19നും പിതാവിന്റെ ദിനം ആഘോഷിക്കപ്പെടുന്നു.

## 2021 ജൂൺ 20

ഇന്ന് ലോക പിതൃ ദിനം. നിശബ്ദരായി, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള തത്രപ്പാടുകൾക്കിടയിൽ സ്നേഹമില്ലെന്നും കരുതലില്ലെന്നും കരുണയില്ലെന്നും താൻപോരിമക്കാരാണെന്നും ആസൂത്രണമില്ലെന്നും പറഞ്ഞ് മാറ്റിനിർത്തുന്ന അച്ഛന്മാരെ ചേർത്തുപിടിക്കാൻ, അവരെ മനസിലാക്കാൻ, അവരുടെ നൊമ്പരങ്ങൾക്ക് ചെവികൊടുക്കാൻ ഈ ദിനം മുതൽ നമുക്കാവട്ടെ. അവകാശവാദങ്ങളോ ന്യായീകരണങ്ങളോ ഒന്നും അവരുടെ ഭാഗത്തുനിന്നുണ്ടാവില്ല.

എന്നാൽ നിങ്ങളുടെ ശബ്ദമിടറുമ്പോൾ, നിങ്ങളുടെ തോണിക്ക് ഉലച്ചിൽ തട്ടുമ്പോൾ, നിങ്ങളുടെ കൈ തളരുന്നു ഇനി തുഴയാനാവില്ല എന്നു ചിന്തിക്കുമ്പോൾ നിങ്ങൾക്ക് താങ്ങായെത്തും, ഈ നിശബ്ദ സാന്നിധ്യം, അച്ഛൻ.




## എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന ഭരണ സമിതി യോഗം

എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ജൂൺ മാസത്തിലെ സംസ്ഥാനഭരണ സമിതി യോഗം 12-ാം തിയതി 10 മണി മുതൽ 3 മണി വരെ ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ അദ്ധ്യക്ഷത വഹിച്ചു.



സംസ്ഥാന ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ

അനന്തരം ഈ കാലയളവിൽ നമ്മെ വിട്ട് പിരിഞ്ഞ അംഗങ്ങളെ, വിശിഷ്യാ എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗ

വും തിരുവനന്തപുരം ഏരിയാ ഡെ. ജനറൽ സെക്രട്ടറിയുമായിരുന്ന ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അവരെ അനുസ്മരിച്ച് അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥനയോടെ ഒരു മിനിട്ട് മൗനം ആചരിക്കുകയും ചെയ്തു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

വിവിധ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരും അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരും ജില്ലാ സെക്രട്ടറിമാരും ശ്രീമതി.റൈസാ ബീഗം സ്റ്റേറ്റ് കമ്മറ്റി മെംബറും അതാത് ഏരിയാകൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

# എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

## (Structured Meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2021 ജൂൺ 18 -ാം തിയതി കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗികമായി നേരിട്ടും ഭാഗികമായി വീഡിയോ കൊൺഫ്രൻസ് വഴി ഓൺലൈനായും നടത്തി.



ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ, ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവും സംഭാഷണത്തിൽ



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. ബാങ്കിന്റെ ഭാഗത്തുനിന്ന് ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ ശ്രീ അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും ചർച്ചയിൽ മുഖാമുഖം.

## മുഖ്യ ചർച്ചാ വിഷയങ്ങൾ

### 1) എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന് ഏരിയാ ഓഫീസ് സൗകര്യം

ദിർഘകാലമായി നമ്മൾ ആവശ്യപ്പെടുന്നതിന് ഫലപ്രാപ്തി ജൂലൈ ഒന്നിന് ബാങ്ക് ജന്മദിനത്തിൽ അസോസിയേഷൻ ഓഫീസ് ഉൽഘാടനം നടത്താമെന്ന് ഡെ. ജനറൽ മാനേജർ ൻെറ ഉറപ്പ്

### 2) മുതിർന്ന ബാങ്ക് പെൻഷൻകാർക്ക് ആദരം

മുതിർന്ന ബാങ്ക് റിട്ടയറീസിനെ ജൂലൈ ഒന്നിന് ബാങ്ക് ജന്മദിനത്തിൽ കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് ഡെ.ജനറൽ മനേജർ ചടങ്ങിൽ വച്ച് ആദരിക്കുന്നു.

3) കോവിഡ് വാക്സിനഷൻ സൗജന്യമായി എടുക്കാനുള്ള സൗകര്യം ചെയ്തു തരാനു ള്ള ശ്രമം.

4) ഡിസ്പെന്സറിയിൽ മരുന്നകളുടെ സ്റ്റോക്ക് വിവരണം കംപ്യൂട്ടറൈസ് ചെയ്യാൻ നിർദേശം. മീറ്റിംഗിൽ വെച്ച് തന്നെ ബഹു ഡെ. ജനറൽ മനേജർ ഉത്തരവ് ഇറക്കി. അതിന് ആളിനെ ചുമതലപ്പെടുത്തി.

5) പെൻഷൻകാർ അവരുടെ പെൻഷൻ വാങ്ങുന്ന ശാഖകൾ മുഖേന സമർപ്പിക്കുന്ന രേഖകളും അപേക്ഷകളും മറ്റും സംബന്ധിക്കുന്ന വിവരങ്ങളോ അത് എങ്ങോട്ടയച്ചുവെന്നതിന്റെ തെളിവുകളൊ തൽസംബന്ധമായ റഫറൻസ് നമ്പരുകളൊ ഒന്നും പിന്നീട് ലഭ്യമാകുന്നില്ലയെന്ന് ഡി.ജി.എസ്. പരാതി ഉന്നയിച്ചു. പെൻഷൻകാർക്ക് പല കത്തുകൾക്കും പ്രത്യേകിച്ച് സ്റ്റാഗ്നേഷൻ മുതലായ അനുകൂല്യങ്ങളെ സംബന്ധിച്ചുള്ള അപേക്ഷകൾക്ക് മറുപടി കിട്ടാറില്ല എന്ന വിവരവും ഡെ.ജനറൽ മാനേജറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ റിട്ടയറീസിൻെറ ആർ.ബി.ഒ.യിലേക്കുള്ള കത്തിടപാടുകൾക്കു ശാഖകൾ പ്രത്യേകം ഇൻവെർഡ് രജിസ്റ്റർ സൂക്ഷിക്കുകയും അപ്പപ്പോൾ തന്നെ കൈപ്പറ്റിയ വിവരം അറിയിക്കുകയും വേണം എന്ന് എല്ലാ HR മാനേജർ മാരോടും ഡെ.ജനറൽ മനേജർ നിർദ്ദേശിച്ചു .

6) പെൻഷൻകാരും ബാങ്ക് സ്റ്റാഫും തമ്മിൽ കൂടുതൽ നല്ല ബന്ധം നിലനിർത്തുന്നതിനായി റിട്ടയറീസിനെ പങ്കെടുപ്പിച്ചുകൊണ്ട് അഡ്മിനിസ്ട്രേറ്റിവ് ഒഫീസ്/ ആർ.ബി.ഒ./ ശാഖകൾ എന്നിവയിൽ യോഗങ്ങൾ നടത്താൻ നിർദേശം,

7) പാലായിലും മാവേലിക്കരയിലും ഡിസ്പെൻസറികൾ തുടങ്ങാനുള്ള ശുപാർശ ഉടനെ ലോക്കൽ ഹെഡ് ഓഫീസിലേക്ക് നിർദിഷ്ട ഫോർമാറ്റിൽ അയയ്ക്കാൻ ഉത്തരവ് .

8) ആലപ്പുഴയിലെ ഡിസ്പെന്സറിയുടെ പ്രവർത്തന ദിവസം രണ്ടിൽ നിന്ന് മുന്നാക്കാനുള്ള ശുപാർശ ഉടനെ ലോക്കൽ ഹെഡ് ഓഫീസിലേയ്ക്ക് അയക്കാൻ തീരുമാനം.

9) മറ്റ് വ്യക്തിപരമായ പരാതികളോട് അനുഭാവ പൂർണ മായ സമീപനം.. റിട്ടയർ ചെയ്ത സുബോർഡിനേറ്റു വിഭാഗ ത്തിൽപ്പെട്ട മുന്ന് പേരുടെ ശമ്പള പരിഷ്കാരത്തിൻെറ കുടിശിക കൊടുക്കാൻ ഡെ.ജനറൽ മനേജർ നേരിട്ട് കത്തെഴുതി ഇടപെടാമെന്നു അറിയിച്ചു . റിട്ടയർ ചെയ്ത അവാർഡ് സ്റ്റാഫിൻെറ സ്റ്റാഗ്നേഷൻ ഇൻക്രിമെൻറിനു അപേക്ഷിച്ചവരുടെ പരാതിയിൽ തീരുമാനം ആയിട്ടുണ്ടെങ്കിലും പുതിയ പെൻഷൻ തരുന്നതിനോടൊപ്പം അതും റിലീസ് ചെയ്യാനുള്ള തയാറെടുപ്പുകൾ നടന്നു വരുന്നു എന്ന് അറിയിച്ചിട്ടുണ്ട് . അതിനുള്ള സോഫ്റ്റ് വെയർ റെഡി ആയിട്ടുണ്ടെന്നു പറഞ്ഞു.

നമ്മുടെ സംഘടനയെ പ്രതിനിധികരിച്ചുകൊണ്ടു ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ കോട്ടയം ജില്ല പ്രസിഡൻറ് ശ്രീ എം.ജി. രാഘവൻ, ജില്ല സെക്രട്ടറി പി.എം. ജേക്കബ്ബ് , മാവേലിക്കര ആർ.ബി.ഒ. യിൽ നിന്നും ആലപ്പുഴ ജില്ല വൈസ് പ്രസിഡന്റ് തോമസ്. പി.മാത്യു ആലപ്പുഴ ആർ.ബി.ഒ.യിൽ നിന്ന് ശ്രീ. ഉമാപതി, ജോയിന്റ് സെക്രട്ടറിയും വി.കെ.ഫിലിപ്പ്, ജില്ല ട്രഷറാ റും വീഡിയോ കോൺഫെറൻസ് വഴി പങ്കെടുത്തു . യോഗം 12 മണി യോടുകൂടി സമാപിച്ചു

# ത്രൈമാസ ചർച്ചാ യോഗം കൊല്ലത്ത്

## (Structured Meeting)



എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കൊല്ലം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും ചർച്ചയിൽ.

എ.ഒ കൊല്ലത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടർ ഘടനാപരമായ യോഗം 25.06.21 ന് നടന്നു. യോഗത്തിൽ ഡിജിഎം ശ്രീ രവികിരൻ അധ്യക്ഷത വഹിച്ചു. ആർഎം 1, സിഎം എച്ച്ആർ, മാനേജർ എച്ച്ആർ ആർബിഒ 1, ഡെപ്യൂട്ടി മാനേജർ, എ.ഒ. എന്നിവർ നേരിട്ടും മറ്റ് മൂന്ന് റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.
നമ്മുടെ സംഘടനയെ പ്രതിനിധികരിച്ചുകൊണ്ടു ഡിജിഎസ്, എജിഎസ് എന്നിവരെ കൂടാതെ കൊല്ലം ഡിസ്ട്രിക്റ്റ് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു. സി. എം. എച്ച്ആർ സദസ്സിനെ സ്വാഗതം ചെയ്യുകയും ഡിജിഎമ്മിനെ തന്റെ പ്രസംഗത്തിനായി ക്ഷണിക്കുകയും ചെയ്തു. ബാങ്കിന്റെ ഭാഗത്തുനിന്ന് പെൻഷൻകാർക്ക് സാധ്യമായ എല്ലാ സഹായങ്ങളും അദ്ദേഹം ഉറപ്പ് നൽകി. 2020-21 സാമ്പത്തിക വർഷത്തിൽ ബാങ്കിന്റെ ചരിത്രപരവും തിളക്കമാർന്നതുമായ ശ്രദ്ധേയമായ പ്രകടനത്തെക്കുറിച്ച് അദ്ദേഹം വിശദമായി വിശദീകരിച്ചു. ഈ കാലയളവിൽ സർക്കിളിനും കൊല്ലം എ.ഒയ്ക്കും മികച്ച പ്രകടനമുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഡിജിഎസ്, എൻ. ഗണപതി കൃഷ്ണൻ തന്റെ പ്രസംഗത്തിൽ പെൻഷൻകാരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രശംസനീയമായ അനുകമ്പയും ക്രിയാത്മകവുമായ സമീപനത്തിന് ഡിജിഎമ്മിന് നന്ദി പറഞ്ഞു. എ. ഒ. പരിസരത്ത് തന്നെ ഓഫീസ് സ്ഥലം അനുവദിക്കുന്നതിൽ ഫലപ്രദമായി ഇടപെട്ടതിന് ഡിജിഎസ് പ്രത്യേക നന്ദി അറിയിച്ചു. തിരുവനന്തപുരം എഒയിലേക്ക് ഡിജിഎം സ്ഥലം മാറ്റം ചെയ്യാനുള്ള ഉത്തരവ് ഉള്ളതിനാൽ, തിരുവനന്തപുരത്ത് സന്തോഷകരവും വിജയകരവുമായ ഒരു കാലഘട്ടം ഡിജിഎസ് അദ്ദേഹത്തിന് ആശംസിച്ചു.. എല്ലാ അജണ്ട കാര്യങ്ങളും അവതരിപ്പിച്ചു, സാധ്യമായ എല്ലാ ഇനങ്ങളും പരിഹരിക്കാൻ അദ്ദേഹം സമ്മതിച്ചു. എ. ജി. എസ്, ശ്രീ. ബി.രാമകൃഷ്ണ പിള്ള നന്ദി പറഞ്ഞു.

## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ

# തിരുവനന്തപുരം ജില്ലാ നവാഗത സംഗമം 26.06.21

26.06.21 ന് തിരുവനന്തപുരം ജില്ലാ നവാഗത സംഗമം പ്രാധിനിത്യം കൊണ്ടും പങ്കാളിത്വം കൊണ്ടും ധന്യമാക്കി. .പലപ്പോഴായി 104 ൽ കുടുതൽ അംഗങ്ങ്ൾ google meet ൽ login ചെയ്തു'.സംഗമത്തിന് ജില്ലാ സിക്രട്ടറി ശ്രീ.വി.എൽ ജോസഫ് സ്വാഗതം ആശംസിച്ചു.. അദ്ധ്യക്ഷൻ ജില്ലാ പ്രസിഡന്റ് ശ്രീ.. എ.ആർ. സോമനാഥൻ പിള്ളയായിരുന്നു. സംസ്ഥാന പ്രസി ഡന്റ് ശ്രീ കെ രാജീവൻ ഉത്ഘാടനവും ജനറൽ സിക്രട്ട റി ശ്രീ.എ.ജയകുമാർ മുഖ്യ പ്രഭാഷണവും നടത്തി.. രക്ഷാ ധികാരി ശ്രീ.ജോൺ ജോസഫും ഡിജിഎസ് ശ്രീ എം.എസ്സ് അയ്യരും വൈസ് പ്രസിഡന്റ് ശ്രീ ബി.സി.ഉണ്ണികൃഷ്ണൻ നായരും അംഗങ്ങളെ അഭിസംബോധന ചെയ്തു. എ.ജി.എസ്സ് ശ്രീ.കെ..രാജചന്ദ്രൻ നായരും ജില്ലാ കമ്മറ്റിയിലെ ഒരാളൊഴി കെ മറ്റ് എല്ലാവരും പങ്കെടുത്തു.

എല്ലാവരും സ്വയം പരിചയപ്പെടുത്തി. അംഗങ്ങളുടെ സംശയങ്ങൾക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ കെ.രാജീവൻ, ജനറൽ സിക്രട്ടറി ശ്രീ..എ ജയകുമാർ ഡെപ്യൂട്ടി.ജനറൽ സിക്രട്ടറി. ശ്രീ എം.എസ്സ് അയ്യർ, ജില്ലാ പ്രസിഡന്റ് ശ്രീ.എ ആർ സോമനാഥൻപിള്ള ജില്ലാ സിക്രട്ടറി ശ്രീ ജോസഫ് വി .എൽ എന്നിവർ മറുപടി പറഞ്ഞു.ശ്രീ.എസ്സ് രാധാകൃഷ്ണൻ കൃതഞ്ജത രേഖപ്പെടുത്തി. 5.45 ന് യോഗം അവസാനിച്ചു



# ഇന്ത്യ 9.3% വളർച്ച നേടുമെന്ന് 'മൂഡീസ്




കോവിഡിന്റെ രണ്ടാം വരവ് ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിനെ ബാധിക്കുമെങ്കിലും ഈ വർഷം 9.3 സാദ്ധ്യമാണെന്നു മൂഡീസ് പ്രവചിക്കുന്നു. കോവിഡിന്റെ വ്യാപനം രൂക്ഷമാണെങ്കിലും കൂടുതൽ നിയന്ത്രണങ്ങ ൾ ഏർപ്പെടുത്തിയതും വൻ തോതിൽ വാക്സിൻ ലഭ്യ മാക്കുന്നതും തകർച്ചയുടെ തോത് കുറയ്ക്കുമെന്നാണ് അനുമാനം. നേരത്തെ രണ്ടക്ക വളർച്ച നേടുമെന്നായി രുന്നു മൂഡീസ് പ്രവചിച്ചിരുന്നത്.

# ഇന്ത്യൻ സമ്പദ്ഘടന 7.3 % ഇടിഞ്ഞു

കോവിഡ് മഹാമാരി ഉയർത്തിയ പ്രതിസന്ധി യെത്തുടർന്ന് ഇന്ത്യൻ സമ്പ ദ്ഘടന 2020-21 സാമ്പത്തിക ധനക്കമ്മി വർഷം 7.3 ശതമാനം കൂപ്പുകുത്തി. 2019-20 ൽ നാലു ശതമാനം വളർച്ച നേടിയ സ്ഥാനത്താണ് ഇത്. സാമ്പത്തിക വർഷത്തി ന്റെ നാലാം പാദമായ 2021 ജനുവരി - മാർച്ച് കാലയ ളവിൽ 1.6 ശതമാനം ശതമാനം വളർച്ച നേടാനായി . ഇതാണ് മൊത്തം സാമ്പത്തിക വർഷത്തെ ഇടിവ് ജി.ഡി.പി. യുടെ 1.3 ശതമാനത്തിൽ ഒതുങ്ങാൻ സഹായിച്ചത് .

# ധനക്കമ്മി 9.3 ശതമാനം

കേന്ദ്രസർക്കാരിന്റെ വരുമാനവും ചെലവും തമ്മിലുള്ള വ്യത്യാസമായ ധനക്കമ്മി 2020- '21 സാമ്പത്തികവർഷം രാജ്യ ത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 9.3 മാനമായി. മൊത്തം ആഭ്യന്തര ഉത്പാദനം ( ജി.ഡി.പി. ) 3.5 ശതമാനത്തിൽ ധനക്കമ്മി ഒതുക്കാനായിരുന്നു ലക്ഷ്യമിട്ടിരു ന്നത് . നാലു പതിറ്റാണ്ടിനിടയിൽ ആദ്യമായാണ് വാർഷികാ ടിസ്ഥാനത്തിൽ അതായത്, 7.96 ലക്ഷം കോടി രൂപ 18.21 ലക്ഷം കോടി രൂപയായി ഇടിയുന്നത് .

# പണപ്പെരുപ്പം 12.94 ശതമാനം

രാജ്യത്ത് ഉപഭോക്തൃവില അടിസ്ഥാനമാക്കിയുള്ള പണ പ്പെരുപ്പം മേയിൽ 6.3 ശതമാനത്തിലെത്തി. മൊത്തവില അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം എക്കാലത്തെയും ഉയർന്ന നിലവാരമായ 12.94 ശതമാനത്തിലും. അസംസ്കൃത എണ്ണവിലയോടൊപ്പം നിർമാണവസ്തുക്കൾ, മിനറൽ ഓയിൽ തുടങ്ങിയവയുടെ വില വർധനയാണ് മൊത്തവില പണപ്പെരുപ്പം ഉയർത്തിയതെങ്കിൽ ഭക്ഷ്യോത്പന്നങ്ങളുടെ വിലവർധനയാണ് ഉപഭോക്തൃ പണപ്പെരുപ്പം കുതിക്കാൻ കാരണമായത്. ഏപ്രിലിൽ ഉപഭോക്തൃ പണപ്പെരുപ്പം 4.23 ശതമാനം മാത്രമായിരുന്നു .

2026 മാർച്ചുവരെ ഉപഭോക്ത പണപ്പെരുപ്പം രണ്ടുമുതൽ ആറുശതമാനം വരെയുള്ള പരിധിയിൽ നിലനിർത്തുന്ന തിനാണ് റിസർവ് ബാങ്ക് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ ത്തന്നെ ആർ.ബി.ഐ.യുടെ പരമാവധി പരിധി കവിഞ്ഞു .

# സെൻട്രം ഫിനാൻഷ്യൽ സർവീസസിനെ സ്മോൾ ഫിനാൻസ് ബാങ്കായി മാറ്റാൻ നീക്കം

ബാങ്കിതര ധനകാര്യ സ്ഥാപനമായ ( എൻ.ബി.എഫ്.സി. ) സെൻട്രം ഫിനാൻഷ്യൽ സർവീസസിനെ സെൻടം സ്മോൾ ഫിനാൻസ് ബാങ്കായി (എസ് .എഫ്. ബി.) പ്രവർത്തനം തുടങ്ങാനായി റിസർവ് ബാങ്ക് 120 ദിവസത്ത സമയമാണ് അനുവദിച്ചിട്ടുള്ളതെന്ന് സെൻടം ഫിനാൻഷ്യൽ സർവീസസ് എക്സിക്യൂട്ടീവ് ചെയർമാൻ ജസ്പാൽ ബിന്ദ്ര പറഞ്ഞു. സ്റ്റാൻഡേഡ് ചാർട്ടേഡ് ബാങ്കിൻെറ ഏഷ്യ ഓപ്പറേഷൻസ് തലവനായിരുന്നു ജസ്പാൽ ബിന്ദ്ര.

നിക്ഷേപം സമാഹരിക്കാൻ കഴിയുമെന്നതാണ് ഇതുവഴിയുള്ള നേട്ടം . കോവിഡ് കാലത്ത് പി.എം.സി. ബാങ്കിനായി പദ്ധതി സമർപ്പിച്ചത് ഒരു അവസരമായാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു . പുതിയ സ്മോൾ ഫിനാൻസ് ബാങ്കിന് രണ്ടു വർഷത്തിനകം 1800 കോടി രൂപയുടെ മൂലധനം ലഭ്യമാക്കുമെന്ന് അദ്ദേഹം പറഞ്ഞു ബാങ്കായി പ്രവർത്തനം തുടങ്ങിയാൽ പി.എം.സി. ബാങ്കിനെ അതിൽ ലയിപ്പിക്കാനുള്ള പദ്ധതി ആർ.. ബി ഐ.യിൽ അവതരിപ്പിക്കും. .ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി കൂടി വേണം . അതിനുശേഷം പൊതുജനാഭിപ്രായം കൂടി പരിഗണിച്ചായിരിക്കും അന്തിമപദ്ധതി പ്രഖ്യാപിക്കുക. നിലവിലെ നിയമ പ്രകാരം ബാങ്കും എൻ.ബി.എഫ്.സിയും ലയിപ്പിക്കാനാകില്ല. അതുകൊണ്ടാണ് എസ്.എഫ്.ബി. തുടങ്ങുന്നത് . ബാങ്കിൽ രണ്ട് പ്രൊമോട്ടർമാരെ അനുവദിക്കില്ലെന്നതിനാൽ സെൻടം തന്നെയായിരിക്കും പ്രൊമോട്ടർമാരായെത്തുക . രണ്ടു സ്ഥാപനങ്ങൾക്കും തുല്യ പങ്കാളിത്തമായിരിക്കും .

# ശ്രീകാന്ത്

## എസ്.ബി.ഐ. തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജർ

എസ്.ബി.ഐ. തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജർ ആയി ശ്രീ. ശ്രീകാന്ത് ചുമതല ഏറ്റെടുത്തു.



ശ്രീ. ശ്രീകാന്ത്

1990 ബാച്ച് പ്രൊബേഷണറി ഓഫീസറായ ഇദ്ദേഹത്തിന് റീട്ടെയിൽ ബിസിനസ് , അഗ്രികൾച്ചറൽ ബാങ്കിംഗ് , റിയൽ എസ്റ്റേറ്റ്, ഭവന വായ്പ തുടങ്ങിയ വിവിധ മേഖല കളിൽ മികച്ച പരിചയമുണ്ട് . സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മും ബയിലെ കോർപറേറ്റ് ഓഫീസിൽ റിയൽ എസ്റ്റേറ്റ് ഹൗസിൽ ബിസിനസ് തലവനായിരുന്നു .

# ഡിജിറ്റൽ പേമെൻറ് കമ്പനിയായ കാഷ് ഫ്രീയിൽ നിക്ഷേപവുമായി എസ്.ബി.ഐ.

ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിജിറ്റൽ പേമെൻറ് കമ്പനിയായ കാഷ് ഫ്രീയിൽ നിക്ഷേപവുമായി ഏറ്റവും വലിയ ബാങ്കായ എസ്.ബി.ഐ. എത്ര രൂപയാണ് നിക്ഷേപിച്ചിരിക്കുന്നതെന്നതിൽ വ്യക്തതയില്ല. കമ്പനിയുടെ സാങ്കേതിക മികവിനുള്ള അംഗീകാരമായാണ് എസ്.ബി.ഐയുടെ നിക്ഷേപ സന്നദ്ധതയിലൂടെ വ്യക്തമാകുന്നതെന്ന് കമ്പനി സഹസ്ഥാപകനും സി.ഇ.ഒ യുമായ ആകാശ് സിൻഹ പറയുന്നു.

## മലപ്പുറം, കാസർഗോഡ് വയനാട് ജില്ലകളിലും തിരുവല്ലായിലും

# ഡിസ്പൻസറികൾ സ്ഥാപിക്കാൻ ബാങ്ക് തീരുമാനം

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ നിവേദനം നല്കി പിന്നാലെ പിന്തുടർന്ന് നിരന്തരം പ്രേരണ ചെലുത്തി പരിശ്രമിച്ചു വന്നതിന്റെ ഫലമായി മലപ്പുറം,

കാസർഗോഡ്, വയനാട് ജില്ലകളിലും തിരുവല്ലയിലും ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ബാങ്ക് സമ്മതിച്ചു.. ഈ വലിയ നേട്ടം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസ്സിയേഷൻ കേരള ഘടകത്തിന്റെ പരിശ്രമങ്ങൾക്കും അതിന്റെ ഊർജ്ജസ്വലരായ നേതൃത്വത്തി നും ഒരു തിലകക്കുറിയായി.

ഡിസ്പെൻസറികൾ മലപ്പുറത്തെ RASMECC, ടൗൺ ബ്രാഞ്ച് തിരുവല്ല; ആർബിഒ, കാഞ്ഞങ്ങാട് കൈനാട്ടി ബ്രാഞ്ച്, കല്പ്പറ്റ (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തി ക്കും;

ദീർഘനാളായി തീർപ്പുകൽപ്പിക്കാത്ത ഒരു പ്രശ്നം തുടർച്ചയായ ഫോളോ അപ്പ് കാരണം ശ്രമിച്ചു നേടുന്നതിന് എല്ലാ പിന്തുണയും നൽകിയതിന് എല്ലാ അംഗങ്ങളെയും ഇത് സാദ്ധ്യമാക്കിത്തരുന്നതിന് അനുഭാവപൂർവം പ്രവർത്തിച്ച ബാങ്ക് അധികൃതരെയും വിശേഷിച്ച് എന്നും നമ്മുടെ പ്രശ്നങ്ങൾ അനുഭാവത്തോടെ പരിഗണിച്ച് തീർപ്പ് കല്പ്പിച്ച് തന്നിട്ടുള്ള ചീഫ് ജനറൽ മാനേജർ ശ്രീ.മൃഗേന്ദ്രലാൽ ദാസ്സിനോടുമുള്ള കടപ്പാടും നന്ദിയും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ, കേരള ജനറൽ സെക്രട്ടറി എ.ജയകുമാർ അറിയിച്ചു.

## ബാങ്കുകൾ 82,500 കോടി രൂപയുടെ വായ്പാ അക്കൗണ്ടുകൾ ബാഡ് ബാങ്കിലേക്ക് മാറ്റും

പുതുതായി രൂപവത്കരിക്കുന്ന ദേശീയ ആസ്തി പുനർനിർമാണ കമ്പനിയിലേക്ക് (എൻ.എ.ആർ.സി.എൽ.) 82,500 കോടി രൂപയുടെ 28 കിട്ടാക്കട വായ്പാ അക്കൗണ്ടുകൾ മാറ്റുന്നതിന് പൊതുമേഖലാ ബാങ്കുകൾ നടപടി തുടങ്ങി. ബാഡ് ബാങ്ക് തുടങ്ങുന്നതു സംബന്ധിച്ച വിവരം ബജറ്റിൽ കേന്ദ്ര ധനമന്ത്രി നിർമലാ സിതാരാമനാണ് പ്രഖ്യാപിച്ചത്.

ഇതിൽ 29 അക്കൗണ്ടുകൾ കൈമാറുന്നതിന് ലീഡ് ബാങ്കുകൾ ഇവയ്ക്കു വായ്പനൽകിയിട്ടുള്ള മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ അനുമതി വാങ്ങിയിട്ടുണ്ട്. എന്നാൽ, തട്ടിപ്പായി പ്രഖ്യാപിച്ച അക്കൗണ്ടുകളും ലികിഡേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുന്ന അക്കൗണ്ടുകളും കൈമാറാനാകില്ല.

വി.ഒ.വി.എൽ. (വീഡിയോകോൺ ഓയിൽ വെഞ്ചേഴ്സ് 22,532 കോടി രൂപ), ആംടെക് ഓട്ടോ (9014 കോടി), റിലയൻസ് നേവൽ (8934 കോടി), ജപി ഇൻഫ്രാടെക് (7950 കോടി), കാക്സ് ടെക് (6337 കോടി) എന്നിവയുടേതാണ് കൂടുതൽ തുകയുള്ള അക്കൗണ്ടുകൾ, കൂടാതെ, ജി.ടി.എൽ., വിസ സ്റ്റീൽ, ലവാസ കൺ കോർപ്പറേഷൻ, രുചി വേൾഡ്, സോളിഡേറ്റഡ് കൺസ്ട്രക്ഷൻ തുടങ്ങിയവയും പട്ടികയിലുണ്ട്.

റിസർവ് ബാങ്ക് മാനദണ്ഡമനുസരിച്ച് ആസ്തി പുനർനിർമാണ കമ്പനികൾക്ക് ആസ്തികൾ കൈമാറുമ്പോൾ 16 ശതമാനം തുക തുടക്കത്തിൽ ബാങ്കുകൾക്ക് നൽകേണ്ടതുണ്ട്. ബാഡ് ബാങ്കിൻെറ നിയമാവലി സംബന്ധിച്ച് അന്തിമ ധാരണയായിട്ടുണ്ട്. മൂലധന നിക്ഷേപത്തിൽ ധാരണയിലെത്തിയാൽ ആർ.ബി.ഐ.യുടെ ലൈസൻസിന് അപേക്ഷ നൽകും. പവർ ഫിനാൻസ് കമ്പനി കളെ പ്രൊമോട്ടർമാരാക്കി പ്രധാന ബാങ്കുകൾ ഓഹരി നിക്ഷേപം നടത്തുന്നതാണ് ഇപ്പോൾ പരിഗണനയിലുള്ളത്.

## വിദേശനാണ്യ കരുതൽ ശേഖരം 60,000 കോടി ഡോളർ കടന്നു

വിദേശത്തുനിന്നുള്ള നിക്ഷേപ ഒഴുക്കിൻെറ പശ്ചാത്തലത്തിൽ രാജ്യത്തെ വിദേശനാണ്യ കരുതൽ ശേഖരം 60,000 കോടി ഡോളർ കടന്നതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു . മേയ് 29 ന് അവസാനിച്ച ആഴ്ചയിലെ കണക്കനുസരിച്ച് 69,816.5 കോടി ഡോളറാണ് വിദേശനാണ്യ കരുതൽ ശേഖരം . ജൂൺ നാലുവരെയുള്ള പ്രാഥമിക കണക്കു പ്രകാരം ഇത് 60,000 കോടി. കൃത്യമായ കണക്ക് ജൂൺ 11 ന് പ്രസിദ്ധീകരിച്ചു. $ 605.008 ബില്യൺ



മേയ് 21 ന് അവസാനിച്ച ആഴ്ചയിൽ ഇത് 59,289.4 കോടി ഡോളർ ആയിരുന്നു . വിപണിയിൽനിന്ന് വിദേശനാണ്യം വാങ്ങുന്നതിലും വിൽക്കുന്നതിലും ആർ.ബി.ഐ. ശക്തമായി ഇടപെടുന്നുണ്ട് . ആഗോള തലത്തിൽ പണലഭ്യത കൂടിയിട്ടും രൂപ സ്ഥിരതയോടെ പിടിച്ചുനിൽക്കുന്നത് ഇതിൻെറ പ്രതിഫലനമാണെന്നും റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് കൂട്ടിച്ചേർത്തു .

## മൊറട്ടോറിയം ആവശ്യം സുപ്രീം കോടതി തള്ളി



സുപ്രീം കോടതി.

കോവിഡ് പ്രതിസന്ധി തുടരുന്നതു കണക്കിലെടുത്ത് വായ്പകൾക്ക് വീണ്ടും മൊറട്ടോറിയം അനുവദിക്കാൻ നിർദ്ദേശിക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി.. ധനനയപരമായ കാര്യങ്ങളിൽ സർക്കാരാണു തീരുമാനമെടുക്കേണ്ടതെന്ന് ജസ്റ്റിസ് അശോക് ഭൂഷൺ അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു. തിരിച്ചടവ് തടസ്സപ്പെട്ട വായ്പകൾ കിട്ടാക്കടമായി പ്രഖ്യാപിക്കുന്നതു താൽക്കാലത്തേക്കു തടയുക, നിലവിലെ വായ്പകളുടെ പുനകമീകരണത്തിന് കൂടുതൽ സമയം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളും ഹർജിക്കാരനായ അഭിഭാഷകൻ വിശാൽ തിവാരി ഉന്നയിച്ചിരുന്നു.

# എ.ടി.എമ്മിൽനിന്ന് പണം പിൻവലിക്കുന്നതിനുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തി എസ്.ബി.ഐ.

പൂജ്യം ബാലൻസ് (ബേസിക് സേവിങ്സ് അക്കൗണ്ട്) ഉടമകളുടെ സർവീസ് നിരക്കിൽ മാറ്റം വരുത്തി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. എ.ടി. എമ്മുകളിൽ നിന്നും ബാങ്ക് ശാഖയിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള വ്യവസ്ഥയിലാണ് എസ്.ബി.ഐ. മാറ്റം വരുത്തിയിരിക്കുന്നത്. പ്രതിമാസം നാലുതവണയാ പൂജ്യം ബാലൻസ് സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എമ്മുകളിൽ നിന്നും ശാഖയിൽ നിന്നും സർവീസ് ചാർജില്ലാതെ പണം പിൻവലിക്കാനാവുക. പിന്നീട് പണം പിൻവലിക്കുമ്പോൾ ഓരോതവണയും 15 രൂപയും ജി.എസ്.ടി.യും നൽകണം. 2021 ജൂലായ് ഒന്നു മുതൽ പുതിയ വ്യവസ്ഥകൾ നിലവിൽ വരും. സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉടമകളുടെ ചെക്ക്ബുക്ക് ചാർജുകളിലും മാറ്റം വരുത്തിയിട്ടുണ്ട്. 10 പേജുള്ള ചെക്ക്ബുക്കാണ് എസ്.ബി.ഐ. നിലവിൽ സൗജന്യമായി പ്രതിവർഷം നൽകുന്നത്. ഇതിനുശേഷം 10 ലീഫുള്ളതിന് 40 രൂപയും 26 എണ്ണമുള്ളതിന് 76 രൂപയും നൽകണം. അടിയന്തരമായി ചെക്ക്ബുക്ക് ലഭിക്കണമെങ്കിൽ 50 രൂപയും നൽകണം.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# ആർ.ബി.ഐ 16,000 കോടി രൂപയുടെ വായ്പ പാക്കേജ് പ്രഖ്യാപി ച്ചു

കോവിഡ വ്യാപനം കാരണം കടുത്ത പ്രതിസന്ധി നേരിടുന്ന ടൂറിസം , ഹോട്ടൽ , റസ്റ്റോറന്റ് ഉൾപ്പെടെയുള്ള മേഖലകളെ സഹായിക്കാൻ ആർ.ബി.ഐ . 16,000 കോടി രൂപയുടെ വായപ പാക്കേജ് പ്രഖ്യാപിച്ചു. ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേറ്റർമാർ , വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ , സ്വകാര്യ ബസ് ഓപ്പറേറ്റർമാർ , കാർ വർക്ക്ഷോപ്പുകൾ , കാർ വാടകയ്ക്ക് നൽകുന്ന സംരംഭങ്ങൾ ഇവൻറ് ഓർ നൈസർമാർ, സ്പാ, ബ്യൂട്ടി പാർലർ, സലൂൺ ഗ്രൗണ്ട് ഹാൻഡ്ലിങ് പോലുള്ള വ്യോമയാന മേഖലയിലെ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ സംരംഭകർക്കാകും വായ്പ ലഭിക്കുക. ഇതിനായി ബാങ്കുകൾക്ക് മൂന്നു വർഷക്കാലയളവിൽ റിപ്പോ നിരക്കായ നാല് ശതമാനത്തിൽ ആർ.ബി.ഐ. പണം ലഭ്യമാക്കും.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

ഇത്തവണ സർക്കാരിന് 99,122 കോടി രൂപയുടെ ഉയർന്ന ലാഭവീതം നൽകിയത് റിസർവ് ബാങ്കിൻറ ബാലൻസ് ഷീറ്റ് വിപുലീകരണം ചുരുങ്ങിയതിനാലാണെന്ന് ഗവർണർ ശക്തികാന്തദാസ് . ഇത് നയപരമായ മാറ്റമല്ലെന്നും കണക്കെടുപ്പു രീതിയുടെ പ്രശ്നമാണെന്നും വായ്പ നയ പ്രഖ്യാപനത്തിനു ശേഷമുള്ള വാർത്താ സമ്മേളനത്തിൽ അദ്ദേഹം വിശദീകരിച്ചു. 2020 -'21 വർഷം ആർ.ബി.ഐ.യുടെ ബാലൻസ് ഷീറ്റ് വിപുലീകരണം മുൻവർഷത്തെ അപേക്ഷിച്ച് നാലിലൊന്നായി ചുരുങ്ങിയെന്ന് അദ്ദേഹം പറഞ്ഞു .

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ

## ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2021 ജൂൺ മാസത്തിലെ ഭരണ സമിതി യോഗം 11 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ

കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു. 1.എം.ജി.രാഘവൻ
2.മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3.എൻ.സി.മാത്യു
4.ശ്രീമതി.റൈസാ ബീഗം
5.സി.പി.മാത്യു
7.വി.കെ.പ്രഭാകരൻ
8.പി.ഉണ്ണിക്കുഞ്ഞ്
9. കെ.എൻ.വിശ്വനതൻ നായർ
10. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.



അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ

സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു.



സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ ഓൺലൈനിൽപങ്കെടുത്ത് സംസാരിച്ചു. കൊറോണ വൈറസ് രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ നിയന്ത്രണങ്ങൾ മൂലം ഓഫീസ് തുറന്ന് പ്രവർത്തിക്കാൻ പറ്റാത്തതിനാൽ കണക്കുകൾ വിശദമായി തയാറാക്കി അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് യോഗം അനുമതി നല്കി.

## സൊസൈറ്റി
## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2021 **ജൂൺ** മാസത്തിലെ നറുക്കെടുപ്പ് 11–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 25,000 രൂപായുടെ കുറി – വട്ടമെത്തി
2. 25,000 രൂപായുടെ കുറി – വട്ടമെത്തി
3. 50,000 രൂപായുടെ കുറി – വട്ടമെത്തി
4. 100,000 രൂപായുടെ കുറി – വട്ടമെത്തി
5. 100,000 രൂപായുടെ കുറി – വട്ടമെത്തി
6. 100,000 രൂപായുടെ കുറി –(149) ശ്രീ. പി.എം.മാത്യു
7. 100,000 രൂപായുടെ കുറി - (175) ശ്രീ.എ.വി. ജോസഫ്
8. 100,000 രൂപായുടെ കുറി - (185) ശ്രീ.മോഹനൻ.വി.എൻ.
9. 25000 രൂപായുടെ കുറി –(213) തോമസ് ഫിലിപ്പ്
10. 100,000 രൂപായുടെ കുറി – ശ്രീ ടോമി ഇഗ്നേഷ്യസ്

നറുക്ക് ലഭിച്ചവർക്ക് 2021 ജൂലായ് മാസം 9–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 9–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. **9446322416**



ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി

## പുതിയ അംഗങ്ങൾ
### എ ക്ലാസ്

2 എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ രണ്ടിനും “എ” ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

1. കെ.എൻ.പുഷ്പ, മാങ്ങായിൽ, ഏനാദി.പി.ഒ. വൈക്കം



കെ.എൻ.പുഷ്പ

2. രമേശൻ.സി. കാഞ്ഞിരക്കുഴിപ്പിൽ, മുട്ടുചിറ.പി.ഒ.



രമേശൻ.സി.

## സി ക്ലാസ്സ്

സി ക്ലാസ്സ് അംഗത്വത്തിന് ഇത്തവണ 2 അപേക്ഷകൾ പരിഗണിച്ചതിൽ രണ്ടിനും "സി" ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

**നവാഗതർക്ക് സ്വാഗതം!**

## 11-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് .ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ജി.ഡി.സി.എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## റിട്ടയർ ചെയ്യുന്നവർക്ക് അഭിവാദ്യങ്ങൾ

ജൂൺ മാസത്തിൽ ബാങ്കിലെ ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നത് 50 പേർ.

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസിയേഷൻ, കേരള ഭാരവാഹികൾ മുൻകൈയെടുത്തു കഴിഞ്ഞ ഒരു വർഷകാലമായി എസ് ബി ഐ യിൽനിന്നും വിരമിക്കുന്നവരെ "United We Move " എന്ന ഒരു വാട്ട്സാപ്പ് ഗ്രൂപ്പിൽ ചേർത്ത് അവരുമായി ആശയവിനമയം നടത്തി വരുകയായിരുന്നു . ഇപ്പൊഴത്തെ സാഹചര്യത്തിൽ എല്ലാവരെയും ഒരുമിച്ച് കൂട്ടി റിട്ടയർമെന്റിനുള്ള തയാറെടുപ്പിനു വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകാൻ സാധിക്കത്തില്ലല്ലൊ !!.

സാധരണ നടത്താറുള്ള പ്രീ റിട്ടയർമെന്റ് കൗൺസിലിംഗ് സെഷൻസ് ഇപ്പോൾ ബാങ്ക് നടത്താറില്ല . ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ബാങ്കിൽ നിന്ന് വിരമിക്കുന്നവരെ ഓൺലൈൻ പ്ലാറ്റഫോമിൽ കോർത്തിണക്കിയിട്ടുള്ളത് അതുകൊണ്ട് അടുത്ത മുന്ന് മാസങ്ങളിൽ ,ഏപ്രിൽ മെയ് ,ജൂൺ വിരമിക്കുന്നവരെ രണ്ട് വാട്ട്സാപ്പ് ഗ്രൂപ്പിൽ : (UNITED WE STAND, UNITED WE MOVE ) ചേർത്തിരിക്കുകയാണ്. ബാങ്കിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ പ്രോത്സാഹനവും സഹകരണവും ഈ പ്രോഗ്രാമിന് ലഭിക്കുന്നുണ്ട്.

ഇതിന്റെ കോർഡിനേറ്റർസ് അസോസിയേഷന്റെ DGS മാരായ ശ്രീ മാത്യു അടയ്ക്കമുണ്ടയ്ക്കൽ, ശ്രീ ജോസഫ് പാലയ്ക്കൻ എന്നിവരാണ് , മറ്റ് നേതാക്കന്മാരും വേണ്ട ഇടപെടലുകൾ നടത്തുന്നു UNITED WE STAND, UNITED WE MOVE



&



മാത്യു അടയ്ക്കാമുണ്ടയ്ക്കൽ ജോസഫ് പാലയ്ക്കൽ
പ്രോഗ്രാം കോർഡിനേറ്റേഴ്സ്

## മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ സംസ്ഥാനതല വിശദികരണ യോഗം



ഓൺലൈൻയോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ 02062021 ന് ആനന്ദ് രതി, വിഡാൽ ടി. പി. എ , facebook.co എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ (എസ്.ബി.ഐ..പി.എ. കേരള ) ജനറൽ സെക്രട്ടറി എ. ജയകുമാർ,. ബാലകൃഷ്ണൻ ടി.ടി.. എന്നിവയുമായി സഹകരിച്ച് മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ വിശദികരണ യോഗം ഗൂഗിൾ മീറ്റായി നടത്തി. എസ്ബി പി.എ.കെ. സംഘടിപ്പിച്ച ഗൂഗിൾ മീറ്റിന്റെ സംഘാടകർ ഡെ. ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ, അസി. ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം നാഥ്, എന്നിവരായിരുന്നു. മീറ്റിൽ ശരാശരി 50 അംഗങ്ങൾ പങ്കെടുത്തു.

01.06.2021ന് രാവിലെ 10.30 ഓടെ യോഗം വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായരുടെ ആമുഖ പ്രസംഗ

ത്തോടെ ആരംഭിച്ചു. ശ്രീ. രാജചന്ദ്രൻ നായർ എ.ജി.എസ്, ക്ഷണിതാക്കളായ ശ്രീ അഭിലാഷ് വർമ്മ, കിരോഷ് ബാബു, രതി, വിഡാൽ ടി. പി. എ യെ പ്രതിനിധീകരിച്ച് ലിയ, എന്നിവർ മീറ്റിൽ പങ്കെടുത്തു. **ജനറൽ സെക്രട്ടറി** ശ്രീ എ. ജയകുമാർ,. യോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പോളിസി ബി ഹോൾഡേഴ്സിനായുള്ള ഇൻഷുറൻസ്, ഇൻഷുറൻസ് സൂപ്പർ ടോപ്പ് അപ്പ് കവർ, ഇ ഫാർമസി സ്കീം, ആഡ് ഓൺ സ്കീം എന്നിവ **ആനന്ദ് രതി**യിൽ നിന്നുള്ള അഭിലാഷ് വർമ്മ വിശദീകരിച്ചു, സ്കീമിന്റെ വിജയവും ഫലപ്രാപ്തിയും, ഭാവിയിൽ അതിന്റെ ഭാവിയും പ്രതികരണത്തെയും പ്ലസ്. അപ്പ് / ന്യൂസിലേക്കുള്ള പ്രവേശനത്തെയും ആശ്രയിച്ചിരിക്കുന്നു

## കോട്ടയം ആലപ്പുഴ ജില്ലയിലെ പ്രവർത്തകർക്കായി

# മെഡിക്കൽ ഇൻഷുറൻസ് വിശദീകരണ യോഗം

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ആലപ്പുഴ ജില്ലകളിലെ പ്രവർത്തകർക്ക് ആനന്ദ് രതി വിഡാൽ ടിപിഎ **facebook.co** എന്നിവയുമായി സഹകരിച്ച് മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ വിശദീകരണ യോഗം ഗൂഗിൾ മീറ്റായി **02-06-2021** ന് നടത്തി. മീറ്റിൽ ശരാശരി 100 അംഗങ്ങൾ പങ്കെടുത്തു. കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.



ഓൺലൈൻയോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

രാവിലെ 10.30 ഓടെ യോഗം വൈസ് പ്രസിഡന്റ് ബി. സി. ഉണ്ണികൃഷ്ണൻ നായരുടെ ആമുഖ പ്രസംഗത്തോടെ ആരംഭിച്ചു.. ക്ഷണിതാക്കളായ ശ്രീ അഭിലാഷ് വർമ്മ, കിരോഷ് ബാബു, വിഡാൽ ടി. പി. എ യെ പ്രതിനിധീകരിച്ച് മിസ്.റ്റിന്റ എന്നിവർ മീറ്റിൽ പങ്കെടുത്തു. പോളിസി ബി ഹോൾഡേഴ്സിനായുള്ള ഇൻഷുറൻസ് സൂപ്പർ ടോപ്പ് അപ്പ് കവർ, ഇ ഫാർമസി സ്കീം, ആഡ് ഓൺ സ്കീം എന്നിവ **ആനന്ദ് രതി**യിൽ നിന്നുള്ള ശ്രീ. അഭിലാഷ് വർമ്മ വിശദീകരിച്ചു, നന്ദി പ്രമേയത്തോടുകൂടി യോഗം 1.30 മണിക്ക് പര്യവസാനിച്ചു.



വിശദീകരണ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുന്ന കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

# എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ ഇടുക്കി സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ ഇടുക്കി സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റി ഓൺലൈൻ യോഗം 2021 ജൂൺ മാസം 7 - ാം തീയതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 3.30 ന് നിശബ്ദ പ്രാർത്ഥനയോടെ ആരംഭിച്ചു ജില്ല പ്രസിഡന്റ് ശ്രീ. ടി ജെ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ കൂടിക്കാഴ്ച മുതൽ, സ്വർഗീയ വാസത്തിനായി നമ്മളെ വിട്ടുപോയ നേതാക്കളെയും അംഗങ്ങളെയും കുടുംബാംഗങ്ങളെയും അനുസ്മരിച്ച് ഒരു മിനിറ്റ് മൗനം ആചരിച്ചു.

സംസ്ഥാന പ്രസിഡന്റ് ശ്രീ. രാജീവൻ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ എ.ജയകുമാർ, ഡിജിഎസ് ശ്രീ. ജോസഫ് പാലക്കൻ, അസി. ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം, എന്നിവരും 15 എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽ 14 പേരും യോഗത്തിൽ പങ്കെടുത്തു. ഡിസ്ട്രിക്ട് സെക്രട്ടറി ശ്രീ പി എം ജോർജ് സ്വാഗതം ആശംസിച്ചു .

**കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് ശ്രീ പി എം ജോർജ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.മാസ്സാന്ത്യ കണക്കുകൾ ശ്രീ. എം.ഐ.ഗോപാലൻ, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.**

ജനറൽ സെക്രട്ടറി ശ്രീ എ.ജയകുമാർ പുതുതായി അവതരിപ്പിച്ച മെഡിക്കൽ ഇൻഷുറൻസ് സൂപ്പർ ടോപ്പ് അപ്പ് കവർ ഇ ഫാർമസി സ്കീം എന്നിവ വിശദീകരിച്ചു. 2021 മുതൽ വിരമിച്ചവരെ അസോസിയേഷനിൽ കൊണ്ടുവരുന്നതിനായി പരിശ്രമിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. **വൈസ് പ്രസിഡന്റ്** ശ്രീ ജോർജ്ജ് ജോസഫ് നന്ദി പ്രകാശിപ്പിച്ചു. **യോഗം 5 മണിയോടെ അവസാനിച്ചു.**



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. എ. ജയകുമാർ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുന്നു.

# ശമ്പള പരിഷ്കരണവും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച......)

## കെ.ജി.രവീന്ദ്രൻ



കെ.ജി.രവീന്ദ്രൻ

സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിനെ സംബന്ധിച്ച് ഓരോ കേഡറിലും വന്ന മാറ്റങ്ങൾ വേർതിരിച്ച് ചുവടെ ചേർക്കുന്നു. സംശയ ദൂരീകരണത്തിനും സഹായത്തിനും ശ്രീ. രവീന്ദ്രനുമായി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലോ മൊബൈൽ നമ്പരിലോ ബന്ധപ്പെടാവു ന്നതാണ്.

**K.G. Raveendran, Konakuppakattil, Appanchira Poozhikol P.O Kottayam Dt. PIN 686604 Mobile No: 9447733314, 9447431457**

### ഓഫീസർ കേഡറിൽ സ്കെയിലുകളുടെ പുനഃക്രമീകരണം

| Existing stagnation increment w.e.f 1.11.2012 | | | | | |
|---|---|---|---|---|---|
| Year | JMG | MM 2 | MM 3 | SM 4 | AGM |
| Maximum | 45950 | 51490 | 51490 | 59170 | 66070 |
| +1 year | 45950 | 51490 | 51490 | 59170 | |
| +2 year | 45950 | 51490 | 51490 | 59170 | |
| +3 year | 47260 | 52950 | 52950 | 60820 | |
| +4 year | 47260 | 52950 | 52950 | 60820 | |
| +5 year | 47260 | 52950 | 52950 | | |
| +6 year | 48570 | 54410 | 54410 | | |
| +7 year | 48570 | 54410 | 54410 | | |
| +8 year | 48570 | 54410 | 54410 | | |
| +9 year | 50030 | 55870 | 55870 | | |
| +10 year | 50030 | 55870 | 55870 | | |
| +11 year | 50030 | 57330 | 57330 | | |
| +12 year | 51490 | 57330 | 57330 | | |
| +13 year | 51490 | 57330 | 58790 | | |
| +14 year | 51490 | 57330 | 58790 | | |
| +15 year | 51490 | 57330 | 58790 | | |

| Revised stagnation increment w.e.f 1.11.2017 | | | | | | |
|---|---|---|---|---|---|---|
| Year | STGN | JMG | MM 2 | MM 3 | SM 4 | AGM |
| Maximum | | 69810 | 78230 | 78230 | 89890 | 100350 |
| +1 year | | 69810 | 78230 | 78230 | 89890 | 100350 |
| +2 year | 1st STG | 71800 | 80450 | 80450 | 92390 | 103320 |
| +3 year | | 71800 | 80450 | 80450 | 92390 | 103320 |
| +4 year | 2nd STG | 73790 | 82670 | 82670 | 95120 | |
| +5 year | | 73790 | 82670 | 82670 | | |
| +6 year | 3rd STG | 76010 | 84890 | 84890 | | |
| +7 year | | 76010 | 84890 | 84890 | | |
| +8 year | 4th STG | 78230 | 87110 | 87110 | | |
| +9 year | | 78230 | 87110 | 87110 | | |
| +10 year | 5th STG | 80450 | 89330 | 89610 | | |
| +11 year | | | | 89610 | | |
| +12 year | 6th STG | | | 92110 | | |

### ക്ലാർക്കിന്റെ കേഡറിൽ

| Existing stagnation increment w.e.f 1.11.2012 | | |
|---|---|---|
| Year | STGN | Current |
| Maximum | | 31540 |
| Max+3 | 1st STG | 32850 |
| Max+6 | 2nd STG | 34160 |
| Max+9 | 3rd STG | 35470 |
| Max+12 | 4th STG | 36780 |
| Max+15 | 5th STG | 38090 |
| Max+17 | 6th STG | 39400 |
| Max+19 | 7th STG | 40710 |
| Max+21 | 8th STG | 42020 |

| Revised stagnation increment w.e.f 1.11.2017 | | |
|---|---|---|
| Year | STGN | New |
| Maximum | | 47920 |
| Max+2 | 1st STG | 49910 |
| Max+4 | 2nd STG | 51900 |
| Max+6 | 3rd STG | 53890 |
| Max+8 | 4th STG | 55880 |
| Max+10 | 5th STG | 57870 |
| Max+12 | 6th STG | 59860 |
| Max+14 | 7th STG | 61850 |
| Max+16 | 8th STG | 63840 |
| Max+18 | 9th STG | 65830 |

### സബോർഡിനേറ്റ് ജീവനക്കാർ

| Existing stagnation increment w.e.f 1.11.2012 | | |
|---|---|---|
| Year | STGN | Current |
| Maximum | | 18545 |
| Max+2 | 1st STG | 19200 |
| Max+4 | 2nd STG | 19855 |
| Max+6 | 3rd STG | 20510 |
| Max+8 | 4th STG | 21165 |
| Max+10 | 5th STG | 21820 |
| Max+12 | 6th STG | 22475 |
| Max+14 | 7th STG | 23130 |
| Max+16 | 8th STG | 23785 |

| Revised stagnation increment w.e.f 1.11.2017 | | |
|---|---|---|
| Year | STGN | New |
| Maximum | | 28145 |
| Max+2 | 1st STG | 29145 |
| Max+4 | 2nd STG | 30145 |
| Max+6 | 3rd STG | 31145 |
| Max+8 | 4th STG | 32145 |
| Max+10 | 5th STG | 33145 |
| Max+12 | 6th STG | 34145 |
| Max+14 | 7th STG | 35145 |
| Max+16 | 8th STG | 36145 |
| Max+18 | 9th STG | 37145 |

## അഭിനന്ദനങ്ങൾ!!

# എം.സുബ്രഹ്മണ്യ ഐെയ്യർ തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി



**എം.എസ്.ഐെയ്യർ**

തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ്ഥാനം സുരേന്ദ്രനാഥ് ഭാസിന്റെ ദൗർഭാഗ്യകരമായ നിര്യാണത്തിന് ശേഷം 2021 മെയ് 20 മുതൽ ഒഴിഞ്ഞു കിടക്കുകയായായിരുന്നു. എസ്ബിപിഎ കേരള യുടെ 2021 ജൂൺ 12 ന് നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഇക്കാര്യം ചർച്ച നടത്തി. കോ-ഓപ്ഷനായി തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിൽ നിന്ന് അനുയോജ്യമായ അംഗത്തെ ഡി.ജി.എസായി നിർദ്ദേശിക്കാൻ ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ അഞ്ച് അംഗ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. 2021 ജൂൺ 13 ന് ചേർന്ന സമിതി ഏകകണ്ഠമായി എം.എസ്.ഐെയ്യർ എന്ന എം. സുബ്രഹ്മണ്യ ഐെയ്യരുടെ പേര് തീരുമാനിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കൈമാറുകയും ചെയ്തു. തിരുവനന്തപുരം ജില്ല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ എം.സുബ്രഹ്മണ്യ ഐെയ്യരുടെ നാമനിർദ്ദേശം 2021 ജൂൺ 20 ന് നടന്ന പ്രത്യേക ഗൂഗിൾ മീറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഐെകകണ്ഠ്യേന അംഗീകരിച്ചു. ശ്രീ. എം സുബ്രഹ്മണ്യയ്യർ ഡിജിഎസ് തിരുവനന്തപുരമായി കോ-ഓപ്ഷൻ പ്രാബല്യത്തിൽ വന്നു.

എംഎസ് ഐെയ്യർ, പരിചയസമ്പന്നനാണ്. കേരളത്തിൽ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ മുൻപന്തിയിൽ നിൽക്കുകയും 2009 മുതൽ 2021 മെയ് മാസത്തിൽ ബാങ്കിൽ നിന്ന് വിരമിക്കുകയും ചെയ്യുന്നതുവരെ എസ് ബി എസ് യു ട്രഷററായിരുന്നു. അദ്ദേഹം എൽ.എച്ച്.ഒ., പി.പി.ജി. വകുപ്പിലായിരുന്നു വളരെക്കാലം. ബാങ്കിലും പിപിജി വകുപ്പിലും ദീർഘകാല പരിചയവും എക്സ്പോഷറും ഉപയോഗിച്ച് ഡിജിഎസ് തിരുവനന്തപുരം പദവിയിലേക്കുള്ള അദ്ദേഹത്തിന്റെ ഉയർച്ച അസോസിയേഷന് വളരെയധികം മുതല്ക്കൂട്ടാകുമെന്ന് ഉറപ്പുണ്ട്. അദ്ദേഹത്തിന്റെ എല്ലാ പരിശ്രമങ്ങളിലും വിജയിക്കണമെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. അഭിനന്ദിക്കുന്നു.

എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

# കോട്ടയം ജില്ല പൊതുയോഗം ഗൂഗിൾ മീറ്റിൽ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് 2020-21 ലെ വാർഷിക പൊതുയോഗം 2021 ജൂൺ മാസം 30-ാം തിയതി ബുധനാഴ്ച്ച രാവിലെ 10.30 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. വൈസ് പ്രസിഡന്റ്, ഡി.ജി.എസ്, എ.ജി.എസ്. എന്നിവരുൾപ്പടെ 61 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.



ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ



കോട്ടയം ജില്ലാ ഘടകത്തിന്റെ 2020-21 ലെ വാർഷിക പൊതുയോഗം ജൂൺ മാസം 30-ാം തിയതി ബുധനാഴ്ച്ച രാവിലെ 10.30 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നമ്മെ വിട്ടുപിരിഞ്ഞ അംഗങ്ങളുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. അനന്തരം പരേതാത്മാക്കളുടെ ആത്മശാന്തിക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൌനം ആചരിച്ചു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ, പൊതുയോഗം ഉദ്ഘാടനം ചെയ്തു. എന്തുകൊണ്ടും മാതൃകാപരമായി പ്രവത്തിക്കുന്ന ജില്ലയാണ് കോട്ടയമെന്ന് അദ്ദേഹം എടുത്തു പറഞ്ഞു.




സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ.രാജീവൻ, പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

സംസ്ഥാന സെക്രട്ടറി ശ്രീ. എ.ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. അംഗങ്ങളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് പരിഹാരങ്ങൾ നിർദ്ദേശിച്ചു.



എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ജനറൽ സക്രട്ടറി ശ്രീ.എ.ജയകുമാർ

കോവിഡ് കാലത്ത് ലഭ്യമായ എല്ലാ സുരക്ഷാമാർഗ്ഗങ്ങളുമുപയോഗിച്ച് സുരക്ഷിതരായിരിക്കുവാൻ അദ്ദേഹം അംഗങ്ങളെ ഓർമ്മിപ്പിച്ചു. വർദ്ധിച്ചു വരുന്ന മരണസംഖ്യയും അടുപ്പമുള്ളവരുടെ വേർപാടും ആശങ്ക സൃഷ്ടിക്കുന്നതായി അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ യോഗത്തിൽ പങ്കെടുത്ത് കോവിഡ് കാല പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു.



ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ, സംസ്ഥാന വൈസ് പ്രസിഡന്റ്

തുടർന്ന്, 2021 മാർച്ച് 31 വരെയുള്ള വാർഷിക കണക്കുകൾ ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ, ജില്ലാ സെക്രട്ടറിയുടെ സഹായത്തോടെ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ

ഡി.ജി.എസ് മാത്യു അടയ്ക്കമുണ്ടയ്ക്കൽ, പുതിയതായി അംഗത്വമെടുത്ത അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. ഓരോരുത്തരം സ്വയം പരിചയപ്പെടുത്തി സംസാരിച്ചു.

എസ്.ബി.ഐ.കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സിലെ ഡിസ്പെൻസറി, റിട്ടയർ ചെയ്യുന്നവർക്കായി വാട്ട്സാപ്പ് ഗ്രൂപ്പ്, ഓൺലൈൻ സംഗമം, മെഡിക്കൽ ഇൻഷുറൻസ് പുതുക്കൽ, തുടങ്ങി വിവിധ വിഷയങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ മറുപടി നല്കി.

തുടർന്ന് യോഗത്തിൽ പങ്കെടുത്ത് എ. ജി. എസ്., ശ്രീ. പി. എസ്. രാജമോഹനൻ നായർ, സ്റ്റേറ്റ് കമ്മിറ്റി മെംമ്പർ റെയിസ ബീഗം , വൈസ് പ്രസിഡന്റ് ശ്രീ.കെ. എൻ.വിശ്വനാഥൻ നായർ എന്നിവർ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചു.



കോട്ടയം ജില്ല ഓൺ ലൈൻ പൊതുയോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന അസിസ്റ്റന്റ് ജനറൽ സെക്രട്ടറി (എ. ജി. എസ്.) , ശ്രീ. പി. എസ്. രാജമോഹനൻ നായർ



ശ്രീ കെ.എൻ.വിശ്വനാഥൻ നായർ
വൈസ് പ്രസിഡന്റ്

വൈസ് പ്രസിഡന്റ് ശ്രീ കെ.എൻ.വിശ്വനാഥൻ നായർ യോഗനടപടികളിൽ തടസ്സം നേരിട്ട സന്ദർഭങ്ങളിൽ സന്ദർഭോചിതമായി ഇടപെട്ട് നിയന്ത്രിക്കുകയും യോഗാവസാനം നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.



# നർമ്മ വീഥി







ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധിയുടെ ഉറവിടം കണ്ടെത്തി....!!!



പ്രേമം പരാജയപ്പെട്ടാൽ
താടി മാത്രം വളർത്തിയാൽ
മതി...
വിജയിച്ചാൽ.....
പെണ്ണിനേയും 'പിള്ളേരെയും
എല്ലാം വളർത്തണം .....
വല്യ പാടാ 😀😀



ഇന്ന് ബിവറേജിൽ ആദ്യ
ഡോസ് സ്വീകരിച്ച
ചിലർക്ക്ക്കൊക്കെ
ശാരീരിക അസ്വസ്ഥത
റിപ്പോർട്ട് ചെയ്യപ്പട്ടിട്ടുണ്ട് 😀
15:18

# കൗതുക വാർത്തകൾ

## യോദ്ധാക്കളെ വളർത്തണം

ദുബായ് യുടെ സ്ഥാപകനായ ഷെയ്ഖ് റാഷിദിനോട് തന്റെ രാജ്യത്തിന്റെ ഭാവിയെപ്പറ്റി ഒരാൾ ചോദിച്ചു.



അദ്ദേഹം മറുപടി പറഞ്ഞു, "എന്റെ മുത്തച്ഛൻ ഒട്ടകപ്പുറത്ത് കയറി യാത്ര ചെയ്തിരുന്നു. എന്റെ അച്ഛനും ഒട്ടകപ്പുറത്ത് കയറി യാണ് യാത്ര ചെയ്തിരുന്നത്. ഞാൻ ഒരു മെഴ്സിഡസ് ഓടിക്കുന്നു, എന്റെ മകൻ ലാൻഡ് റോവർ ഓടിക്കുന്നു, എന്റെ ചെറുമകനും ഒരു ലാൻഡ് റോവർ ആയിരിക്കും ഓടിക്കുക ... പക്ഷെ എന്റെ മകന്റെ ചെറുമകൻ വീണ്ടും ഒരു ഒട്ടകപ്പുറത്ത് കയറിത്തന്നെ യാത്ര ചെയ്യും."

“എന്തുകൊണ്ടാണ് അത്?”

**അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു:**
**"പ്രയാസകരമായ, കഠിനമായി ഉപദ്രവിക്കപ്പെട്ട കാലം ശക്തരായ മനുഷ്യരെ സൃഷ്ടിക്കുന്നു. ശക്തരായ മനുഷ്യർ എളുപ്പമുള്ള കാലങ്ങൾ സൃഷ്ടിക്കുന്നു. എളുപ്പമുള്ള കാലം ദുർബലരായ മനുഷ്യരെ സൃഷ്ടിക്കുന്നു. ദുർബലരായ മനുഷ്യർ ബുദ്ധിമുട്ടുള്ള സമയങ്ങൾ സൃഷ്ടിക്കുന്നു. പലരും അത് മനസിലാക്കുകയില്ല, പക്ഷേ നിങ്ങൾ യോദ്ധാക്കളെ വളർത്തണം, പരാന്ന ഭോജികളെയല്ല.”**











# സമ്മർ സോളിസ്റ്റീസ്



On June 21, 2021, the Northern hemisphere will experience its longest day of the year, known as summer solstice, or the first day of summer. The day also brings in the shortest night.

ഭൂമിയുടെ ധ്രുവങ്ങളിൽ സൂര്യനിലേക്ക് പരമാവധി ചരിവ് ഉണ്ട്. ഓരോ അർദ്ധഗോളത്തിലും (വടക്കൻ, തെക്കൻ ) ദൈർഘ്യമുള്ള വേനൽക്കാലം ഒരിക്കൽ സംഭവിക്കുന്നു. ആ അർദ്ധഗോളത്തെ സംബന്ധിച്ചിടത്തോളം, സൂര്യൻ ആകാശത്തിലെ ഏറ്റവും ഉയർന്ന സ്ഥാനത്തെത്തുന്ന വേനൽക്കാലത്ത് ചുറ്റും പകൽ വെളിച്ചമുണ്ട്. പകൽ ദൈർഘ്യമേറിയ ദിവസമാണ് വേനൽക്കാലം. ഇത് വടക്കൻ അർദ്ധഗോളത്തിൽ ജൂൺ 20 നും ജൂൺ 22 നും ഇടയിലും തെക്കൻ അർദ്ധഗോളത്തിലെ ഡിസംബർ 20 നും ഡിസംബർ 23 നും ഇടയിലും ആണ്

# വായനക്കാർ എഴുതുന്നു



**ആക്ഷേപങ്ങളും അഭിപ്രായങ്ങളും**

## ഡിസ്പൻസറികൾ സ്ഥാപിക്കാൻ ബാങ്ക് തീരുമാനം

കോഴിക്കോട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ കീഴിലുള്ള കാസറഗോഡ്, മലപ്പുറം, വയനാട് ജില്ലകളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കാനുള്ള ബാങ്കിന്റെ തീരുമാനം തികച്ചും സ്വാഗതാർഹമാണ്. നമ്മുടെ അസ്സോസിയേഷന്റെ ദീർഘകാല ആവശ്യമായിരുന്ന പ്രസ്തുത ഡിസ്പെൻസറികൾ എത്രയും വേഗം പ്രവർത്തനക്ഷമമാക്കുമെന്ന് നമ്മുടെ CMHR ഉറപ്പു നൽകിയിട്ടുണ്ട്. നമ്മുടെ സംഘടനയുടെ ശക്തമായ പ്രവർത്തന ശൈലിയുടെ പ്രതിഫലനമാണ് ഈ നേട്ടം. സർവോപരി ഓരോ അംഗങ്ങളുടേയും സംഘടനയിലുള്ള വിശ്വാസവും അംഗീകാരവും.

ജോസ് മെർസിലിൻ, റ്റി.സേതുമാധവൻ നായർ

## അഭിനന്ദനങ്ങൾ അറിയിക്കുന്നു

മലപ്പുറം, ,വയനാട്, ,കാസർകോഡ്, തിരുവല്ല എന്നിവടങ്ങളിൽ ബാങ്കിന്റെ **dispensary** അനുവദിച്ച നമ്മുടെ ബാങ്ക് മാനേജ്മന്റിനോട് നന്ദി അറിയിക്കുന്നതോടൊപ്പം അതിനുവേണ്ടി പരിശ്രമിച്ച നമ്മുടെ പെൻഷനേഴ്സ് അസോസിയേഷൻ കേരള ഭാരവാഹികളായ രാജീവ് സാറിനും ജയകുമാർ സാറിനും ഞങ്ങളുടെ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.
രാധാകൃഷ്ണൻ പുല്ലഞ്ചേരി,
പാലക്കാട് ജില്ലാ സെക്രട്ടറി.



## യാത്രാ ദുരിതത്തിന് ഒരു പരിഹാരമായി

വടക്കൻ ജില്ലയിലെ പ്രവർത്തകർക്ക് സന്തോഷിക്കാം 100 കിലോമീറ്റർ അധികം സഞ്ചരിച്ചു വേണമായിരുന്നു കോഴിക്കോട് കണ്ണൂർ ഡിസ്പെൻസറയിൽ നിന്ന് മരുന്നും വാങ്ങാനും ഡോക്ടറെ കാണാനും എത്തേണ്ടിയിരുന്നത് . അതുപോലെ തന്നെ ആലപ്പുഴ പത്തനംതിട്ട ജില്ലയിലെ നമ്മുടെ പ്രവർത്തകരുടെ സ്ഥിതിയും . പുതിതായി അനുവദിച്ച ഡിസ്പെൻസറികൾ യാത്രാ ദുരിതത്തിന് ഒരു പരിഹാരമായി നമുക്കെല്ലാവർക്കും ആശ്വാസമായി . അതിന് വേണ്ടി നിരന്തരമായി പോരാടിയ കാസർഗോഡ്, വയനാട് , മലപ്പുറം , പത്തനംതിട്ട ജില്ലയിലെ നേതാക്കന്മാരെ അഭിനന്ദിക്കുന്നു . ഇതിന് ചുക്കാൻ പിടിച്ച പ്രസിഡന്റ് രാജീവൻ അവർകൾക്കും ജനറൽ സെക്രട്ടറി ജയകുമാർ അവർകൾക്കും അഭിവാദ്യങ്ങൾ

ജില്ലാ സെക്രട്ടറി, കണ്ണൂർ

സർ,
വയനാട്ടിൽ ബാങ്കിന്റെ ഒരു ഡിസ്പെൻസറി എന്ന ഏറെ കാലത്തെ ആവശ്യം യാഥാർത്ഥ്യമായതിൽ സന്തോഷം. അനുമതി നൽകിയ ബാങ്ക് മാനേജ്മെന്റിനും അതിനായി അക്ഷീണം പ്രവർത്തിച്ച അസോസിയേഷൻ സാരഥികൾക്കും ജില്ലാ കമ്മിറ്റിയുടെ നന്ദി!
സത്യൻ
ജില്ലാ സെക്രട്ടറി, വയനാട്

## വലിയ സമ്മാനം

നമ്മുടെ സംഘടനയുടെ 2021 വർഷത്തിലെ തിളക്കമാർന്ന പ്രവർത്തനത്തിന്റെ മികവ് ,കോവിഡ് മഹാമാരിയുടെ നാളുകളിൽ ബാങ്കിൽ നിന്ന് കിട്ടിയ വലിയ സമ്മാനം .

നമുക്ക് അഭിമാനിക്കാം . ജെയ് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള!



എം.വിജയൻ,
ജില്ലാ സെക്രട്ടറി,
കാസർഗോഡ്




## കുട്ടനാട് വിനോദസഞ്ചാര കേന്ദ്രമാക്കണം

കുട്ടനാട് ഒരു അനുഗ്രഹീത വെള്ളപ്രദേശമാണ്. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്ന ഇതേപോലെയുള്ള പ്രദേശം ലോകത്ത് വേറെ നെതർലാന്റിൽ മാത്രമേയുള്ളൂ. പ്രകൃതി ഈ നാടിനു നൽകിയ മഹനീയ ദാനമാണ് കുട്ടനാട്. മനുഷ്യമനസിനെ ആനന്ദനൃത്തത്തിൽ ആറാടിക്കാനുള്ള മനോഹരവിഭവങ്ങൾ കുട്ടനാട്ടിലുണ്ട്.



പി.പി.ഫിലിപ്പ്

കരയും ജലവും കുട്ടനാട്ടിൽ ഒളിച്ചുകളിക്കുന്നത് കാണാൻ എന്തു ചന്തം! പക്ഷേ ഒരു കാര്യം നാം ഓർക്കണം. കുട്ടനാട്മനുഷ്യന് അധിവസിക്കാനായി സൃഷ്ടിക്കപ്പെട്ട ഭൂപ്രദേശമല്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെങ്കിലും നാമത് സമ്മതിക്കണം. ഒന്നാം പിണറായി സർക്കാരിന്റെ ഒന്നാം പ്രളയ കാലത്തു ഇതു കുറിക്കുന്നയാൾ, കുട്ടനാട്ടിൽ ഘട്ടം ഘട്ടമായി ജനവാസം ഒഴിവാക്കിയെടുക്കണമെന്ന് എളിമയോടെ നിർദ്ദേശിച്ചിരുന്നു.. ഇച്ചിരി വട്ടത്തിലെ വീടുകൾ നഷ്ടപ്പെട്ടവരെ അവിടെ തന്നെ കുടിയിരുത്താതെ കരയിലേക്ക് മാറ്റണമെന്നും പറഞ്ഞിരുന്നു. ക്രമേണ, ശ്രമിച്ചാൽ സമഗ്രമായ ഒരു പദ്ധതിയിലൂടെ കുട്ടനാട്ടിലെ ജനവാസം ഏറിയപങ്കും ഒഴിവാക്കിയെടുക്കാം. കുട്ടനാടും കുട്ടനാട്ടുകാരും രക്ഷപ്പെടണമെങ്കിൽ കുട്ടനാട്ടിലെ ജനവാസം നിറുത്തണം. കുട്ടനാടിനെ ഉദ്ധരിച്ചു ഒന്നാന്തരം ഒരു വിനോദസഞ്ചാര കേന്ദ്രമായി, ആ പ്രദേശത്തെയാകെ മാറ്റണം. പരിശ്രമിച്ചാൽ കുട്ടനാടിനെ ലോകത്തിലെ ഒന്നാംകിട വിനോദസഞ്ചാര കേന്ദ്രമായി മാറ്റാം. പ്രകൃതി കുട്ടനാടിനെ ആവിധം അനുഗ്രഹിച്ചിട്ടുണ്ട്. കലാഹൃദയമുള്ള, ബുദ്ധിമാന്മാർ ശ്രമിക്കണം.

# സ്മാം പദ്ധതി

## കാർഷിക യന്ത്രോപകരണങ്ങൾ സ്വന്തമാക്കാൻ സബ്സിഡി

കൃഷിക്കാർക്കും കാർഷിക സംഘങ്ങൾക്കും കാർഷിക യന്ത്രോപകരണങ്ങൾ സ്വന്തമാക്കാൻ സബ്സിഡി നൽകുന്നതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്നു നടപ്പാക്കുന്ന സ്മാം (Sub mission on agricultural mechanisation). ഇതിൽ വാങ്ങുന്ന സാധനത്തി വിലയുടെ 40 മുതൽ 80 ശതമാനം വരെ ധനസഹായമായി നൽകുന്നു. ഈ ആനുകൂല്യത്തിനായി കൃഷിക്കാർ സർക്കാർ ഓഫീസുകൾ കയറി ഇറങ്ങേണ്ടതില്ല. ഇന്റർനെറ്റ് സൗകര്യമുള്ള കംപ്യൂട്ടറോ, മൊബൈൽ ഫോണോ ഉപയോഗിച്ച് സ്വന്തമായോ അല്ലങ്കിൽ ഓൺലൈൻ സേവന കേന്ദ്രങ്ങളുടെ സഹായത്താലോ ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്.

അപേക്ഷയുടെ സ്ഥിതിയും ഓരോ ഘട്ടത്തിലുള്ള പുരോഗതിയും ഓൺലൈനായി അറിയുവാൻ സാധിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീട്ടിലെത്തി പരിശോധന നടത്തി കാലതാമസമില്ലാതെ തീരുമാനങ്ങൾ ഉണ്ടാവുന്നതുമാണ്.

പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി agrmachinery.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വെബ് സൈറ്റിലെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ഇൻ അഗ്രികൾച്ചർ മെക്കനൈസേഷൻ എന്ന ഹോം പേജിൽ കൃഷിക്കാർ രജിസ്റ്റർ ചെയ്യണം.



# യാത്രയയപ്പ്

## കൊട്ടാരക്കര മുഖ്യ ശാഖയിൽ നിന്നും മേയ് 31ന് വിരമിച്ചവർ






മേയ് 31ന് കോട്ടയം അറുമാനൂർ ശാഖയിൽ നിന്നും വിരമിച്ച ശ്രീമതി.രത്നമ്മ.വി.യു.വിന് നല്കിയ യാത്രയയപ്പ് സമ്മേളനത്തിൽ നിന്ന

ത്രിശ്ശൂർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ നിന്നും ചീഫ് മാനേജരായി വിരമിക്കുന്ന സലിം.എ.എ. ക്ക് നല്കിയ യാത്രയയപ്പ് സമ്മേളനത്തിൽ നിന്ന്



സുഹൃത്തുക്കളെ, ബാങ്കിംഗ് ജീവിതത്തിൽ നിന്ന് പടിയിറങ്ങി. എല്ലാ സുഹൃത്തുക്കളോടും എന്റെ വിനീതമായ നന്ദി. **സലിം.എ.എ.**

## ശ്രീമതി.ഡെലിൻ ഡേവീസ്



പൂങ്കുന്നം റെയിൽവേ സ്റ്റേഷൻ ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിച്ച ശ്രീമതി. ഡെലിൻ ഡേവീസ് ഭർത്താവ് ഡോ.ഡൊമിനിക്കിനൊപ്പം യാത്രയയപ്പ് യോഗത്തിൽ

## ശ്രീമതി. സുശീല.വി.കെ.



തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ബ്രാഞ്ചിൽ ചീഫ് അസോസ്സിയേറ്റ് പദവിയിൽ നിന്നും വിരമിച്ച ശ്രീമതി. സുശീല.വി.കെ. ഭർത്താവിനൊപ്പം യാത്രയയപ്പ് യോഗത്തിൽ

## 2021 ജൂൺ മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,

2021 ജൂൺ അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 50 പേരാണ്. വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. കോവിഡ് മഹാമാരി താറുമാറാക്കിയ ജനജീവിതം ഇനിയും പൂർവ്വസ്ഥിതി പ്രാപിച്ചിട്ടില്ല. സീനിയർ സിറ്റിസൺസായ നമ്മുടെ അവസ്ഥ പ്രത്യേകം എടുത്തു പറയാനുമില്ല. ശാഖകളിൽ നേരിട്ടുപോയി യാത്രയയപ്പ് ചടങ്ങുകളിൽ പങ്ക് കൊള്ളാനും എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷനിലേയ്ക്ക് സ്വാഗതം ചെയ്യാനും കഴിയാത്ത അവസ്ഥ തുടരുകതന്നെയാണ്. അതിനാൽ സഹജരേ, ക്ഷമിക്കുക. ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി

ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമു ക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന്പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

സ്നേഹപൂർവം



കെ.രാജീവൻ
പ്രസിഡന്റ്



എ ജയകുമാർ
ജനറൽ സെക്രട്ടറി

# വിരമിക്കുന്നവർ

ഈ മാസം 30നു സർവീസിൽ നിന്നു വിരമിക്കുന്ന എല്ലാവർക്കും സന്തോഷകരവും സമാധാനപരവുമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. മനസ്സിനിഷ്ടപ്പെട്ട കാര്യങ്ങളിൽ വ്യാപൃതരായി രണ്ടാം ഇന്നിംഗ്സും അർത്ഥവത്താക്കിത്തീർക്കാൻ ശ്രമിക്കുക. അതോടൊപ്പം ആരോഗ്യവും ശ്രദ്ധിക്കുക. എല്ലാവരേയും എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള യിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.



ഉണ്ണികൃഷ്ണൻ നായൻ ബി സി,
വൈസ് പ്റസിഡൻറ്

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴി യാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

ശാഖകളിൽ ഏർപ്പെടുത്തിയ ലളിതമായ ചടങ്ങുകളു ടെ ചിത്രങ്ങളും വട്ട്സാപ്പ് വഴി അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു.

# ജയറാം നമ്പ്യാർ



ജയറാം നമ്പ്യാർ

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ , കണ്ണൂർ റാസ്മെക്ക് മാനേജർ, ജയറാം നമ്പ്യാർ: (PH 9446 267 277) 19 വർഷം 5 മാസം 10 ദിവസം സേവനം പൂർത്തിയാക്കിയ ശേഷം 2021 ജൂൺ 30 ന് വിരമിക്കുന്നു. നിലവിലെ സാഹചര്യം കാരണം അദ്ദേഹത്തിന് ഉചിതമായ വിടവാങ്ങൽ ഒത്തുചേരൽ പരിമിതപ്പെടുത്താൻ റാസ്മെക്ക് നിർബന്ധിതരാകുന്നു, അതിനാൽ പ്രാർത്ഥനയോടും അനുഗ്രഹങ്ങളോടും കൂടി അദ്ദേഹത്തിന് യാത്രാ മംഗളങ്ങൾ നേരുന്നു.

# ശ്രീമതി. ആർ. പദ്മജ



ശ്രീമതി. ആർ. പദ്മജ, ചീഫ് അസോസ്സിയേറ്റ് 33 വർഷം 6 മാസം സമർപ്പിത സേവനത്തിന് ശേഷം 2021 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. 1987 ഡിസംബർ 28 മുതൽ തിരുവനന്തപുരം മേഖലാ ഓഫീസ് ആരംഭിച്ചു. അതിനുശേഷം ഡിജിഎം സെക്രട്ടേറിയറ്റ് എറണാകുളം ബ്രാഞ്ച്, സോണൽ ഓഫീസ് റീജിയണൽ ഓഫീസ്, കൊമേഴ്സ്യൽ ബ്രാഞ്ച്, ആർഎസിപിസി എന്നിവയിൽ ജോലി ചെയ്തു. ഭർത്താവ് ശ്രീ. കെ. രവീന്ദ്രൻ റിസർവ് ബാങ്ക്.

# സന്തോഷ്.ഡി



സന്തോഷ്.ഡി

സന്തോഷ്.ഡി ഡെപ്യൂട്ടി മാനേജർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണൂർ റാസ്മെക്ക് 38 വർഷം 6 മാസം 13 ദിവസത്തെ മികച്ച സേവനം പൂർത്തിയാക്കിയ ശേഷം 2021 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. അദ്ദേഹത്തിന് ഒരു വിടവാങ്ങൽ നൽകാൻ പൂർണ്ണഹൃദയത്തോടെ ആഗ്രഹിക്കുമ്പോൾ, നിലവിലെ സാഹചര്യങ്ങളാൽ. ഒത്തുചേരൽ പരിമിതപ്പെടുത്താൻ നിർബന്ധിതരാകുന്നു, അതിനാൽ. പ്രാർത്ഥനയോടും അനുഗ്രഹങ്ങളോടും കൂടി അദ്ദേഹത്തിന് യാത്രാ മംഗളങ്ങൾ നേരുന്നു.

# ശ്രീമതി. കൊച്ചു റാണി ജോസഫ്

ശ്രീമതി. കൊച്ചു റാണി ജോസഫ് (ഡെപ്യൂട്ടി ബ്രാഞ്ച് മാനജെർ) 36 വർഷം 8 മാസത്തെ മികച്ച സേവനത്തിന് ശേഷം 2021 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു.



ശ്രീമതി. കൊച്ചു റാണി ജോസഫ്

എസ്ബിഐ കുടുംബത്തിലെ അംഗത്തോടുള്ള സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അടയാളമെന്ന നിലയിൽ, 30.06.2021 ന് വൈകുന്നേരം 5.00 ന് ബ്രാഞ്ച് പരിസരത്ത്, കോവിഡ് നിയന്ത്രണങ്ങൾക്കനു സൗതമായി ഒരു വിടവാങ്ങൽ ക്രമീകരിച്ചു.. യാത്രാ മംഗളങ്ങൾ!!

# ഹരിയ നായിക് ജി



ഹരിയ നായിക് ജി

ഹരിയ നായിക് ജി ചീഫ് അസോസ്സിയേറ്റ് സി.പി.സി.ആർ.ഐ കാമ്പസ് ബ്രാഞ്ച് കാസറഗോഡ് ശ്രീ.ഹരിയ നായിക് ജി, 36 വർഷത്തെ കളങ്കമില്ലാത്ത സേവനം പൂർത്തിയാക്കി 2021 ജൂൺ 30 ന് വിരമിക്കുന്നു. ശ്രീ.ഹരിയ നായിക് ജിക്ക് ഒരു വിടവാങ്ങൽ നൽകാൻ പൂർണ്ണഹൃദയത്തോടെ ആഗ്രഹിക്കുന്നുണ്ടെങ്കിലും നിലവിലെ സാഹചര്യം കാരണം ഒത്തുചേരൽ പരിമിതപ്പെടുത്താൻ നിർബന്ധിതരാകുന്നു, . യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവു നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

# ശ്രീ ജേക്കബ് മാത്യു



ശ്രീ ജേക്കബ് മാത്യു (സിഎം ക്രെഡിറ്റ്) 37 വർഷം 7 മാസം 3 ദിവസത്തെ ശ്രദ്ധേയമായ, സമർപ്പിതവും മികവുറ്റതുമായ സേവനത്തിന് ശേഷം 2021 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. 28.11.1983 ന് എസ്ബിടി കൊട്ടാരക്കര മെയിൻ ബ്രാഞ്ചിൽ ക്ലർക്ക് കം കാഷ്യറായി ജോലിയിൽ പ്രവേശിച്ച്ച അദ്ദേഹം പിന്നീട് കൊട്ടാരക്കര, പുലമോൻ ജംഗ്ഷൻ ബ്രാഞ്ചിലേക്ക് മാറ്റി. 2001 ൽ ഓഫീസർ കേഡറായി സ്ഥാനക്കയറ്റം ലഭിക്കുകയും ഇടയരിക്കപുഴ ബ്രാഞ്ചിൽ എ എം (അക്കൗണ്ട്സ്) നിയമിക്കുകയും ചെയ്തു. , പത്താനപുരം ബ്രാഞ്ചിൽ എ. എം (അക്കൗണ്ട്സ്) കൊട്ടാരക്കര എ ഡി ബി (എ എം അഡ്വാൻസ്) ൽ ജോലി ചെയ്തു. അയൂർ (ബ്രാഞ്ച് മാനേജർ), റീജിയൻ I കോട്ടയം (ഡെസ്ക് ഓഫീസർ), പി.എസ്.ബി അടൂർ (ബ്രാഞ്ച് മാനേജർ). തൃശൂർ OOB (മാനേജർ). പുതുക്കാട് മാനേജർ പി.എസ്.ബി), കൊട്ടാരക്കര മെയിൻ (ചീഫ് മാനേജർ). 2019-ൽ അദ്ദേഹം ആർ.ബി.ഒ 2 കൊട്ടാരക്കരയിൽ സി.എം. 2006-09 കാലയളവിലും 2015-17 എബിഎഐ എസ്ബിടിയുടെ എൽഎംസി മെബറായി അദ്ദേഹം സേവനമനുഷ്ഠിച്ചു. എസ്.ബി.യുമായി ലയിപ്പിച്ച 2017-18 കാലയളവിൽ

കൊട്ടാരക്കര മേഖലയിലെ റീജിയണൽ സെക്രട്ടറിയായി. അദ്ദേഹത്തിന് യാത്രാമംഗളങ്ങൾ!!

## യാത്ര അയപ്പ്



ശ്രീകുമാരൻ നായർ എൻ.



അശോക്‌ലാൽ എ.
Mob: 9846404052

ശ്രീ . ശ്രീകുമാരൻ നായർ എൻ,. അശോക് ലാൽ.എ. എന്നിവർ 28 വർഷത്തെയും 25 വർഷത്തേയും നീണ്ട സാർത്ഥകമായ സവനത്തിനു ശേഷം ബാങ്കിംഗ് സർവ്വീസിൽ നിന്നും വിരമിക്കുകയാണ് . എസ്.ബി.ഐ. മംഗലപുരം ഉചിതമായ ഒരു യാത്ര അയപ്പ് നൽകി.

## അജിത് കുമാർ.എൽ.



അജിത് കുമാർ .എൽ.

അജിത് കുമാർ .എൽ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എറണാകുളം രാജ്യത്ത് നിലനിൽക്കുന്ന ലോക്ക്ഡൗൺ സാഹചര്യങ്ങളുടെ ഫലമായി, ഡിജിറ്റൽ മോഡിലേക്ക് ആശംസകൾ നേരുന്നു. യാത്രാമംഗളങ്ങൾ!!

## ലിസി വി സക്കറിയാസ്

36 വർഷവും 7 മാസവും മികച്ച സേവനം പൂർത്തിയാക്കി 2021 ജൂൺ 30 ന് ലിസി വി സക്കറിയാസ് (ചീഫ് അസോസിയേറ്റ്) ബാങ്കിന്റെ സേവനത്തിൽ നിന്ന് വിരമിക്കുന്നു.



ശ്രീമതി. ലിസി വി സക്കറിയാസ്

ശ്രീമതി. ലിസി വി സക്കറിയാസ് 1984 നവംബർ 2 ന് കൊടുവള്ളി ബ്രാഞ്ചിൽ ക്ലറിക്കൽ കേഡറിൽ ജോലി ആരംഭിച്ചു അതിനുശേഷം അവർ മാനഞ്ചിറ ഈസ്റ്റ് ശാഖാ, മാലപറമ്പ് ബ്രാഞ്ചുകളിലും 2015 ൽ കാരപറമ്പ് ബ്രാഞ്ചിലും ജോലി ചെയ്തു. അവർക്ക് ആരോഗ്യവും സന്തോഷവും നേരുന്നു. , 2021 ജൂൺ 30 ന് വൈകുന്നേരം 5.30 ന് എസ്ബിഐ കാരപറമ്പ് ബ്രാഞ്ച് പരിസരത്ത് ഒരു വിടവാങ്ങൽ ചടങ്ങ് സംഘടിപ്പിച്ചു.

## ശ്രീമതി.ഷൈനി സാം



ഷൈനി സാം

38 വർഷം 3 മാസം 3 ദിവസത്തെ മികച്ച സേവനത്തിന് ശേഷം 30.06.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ചീഫ് അസോസിയേറ്റ് ഷൈനി സാം.

28.03.1983 ൽ പാലക്കാട് പി.ബി.യിൽ ക്ലറിക്കൽ കേഡറിൽ ജോലി ആരംഭിച്ചു. പാലക്കാട് പ്രധാന ശാഖ, എറണാകുളം മെയിൻ ബ്രാഞ്ചിൽ കാഷ്യറായി പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളം ബ്രോഡ്‌വേ, എറണാകുളം മെയിൻ ബ്രാഞ്ച ചീഫ് അസോസിയേറ്റായി, എസ്.എച്ച്.കോളേജ് തേവര ശാഖയിൽ ചീഫ് അസോസിയേറ്റായി പ്രവർത്തിച്ചിട്ടുണ്ട്. ഭർത്താവ് എം.എം.മോനായി, മകൻ മനു, മകൾ മിനു .

ആശംസകൾ നേരുന്നു.

# സോമിനി ജേക്കബ്ബ്



37 വർഷം 7 മാസത്തെ മികച്ച സേവനത്തിന് ശേഷം 30.06.2021 ന് തൊടുപുഴ ടൗൺ ശാഖയിൽ നിന്ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ചീഫ് അസോസിയേറ്റ് സോമിനി ജേക്കബ്ബ്. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവു നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു.

## നുറുങ്ങു കഥ

# അതിരുകൾ



### റൈസാ ബീഗം

ഒരു സർജറി കഴിഞ്ഞു അവൾ ആശുപത്രി മുറിയിൽ വിശ്രമിക്കുക ആയിരുന്നു. ബെഡിൽ കിടന്നു മടുത്തപ്പോൾ അരികെയിട്ടിരുന്ന കസേരയിൽ ഇരുന്നു. ഡോക്ടർ പറഞ്ഞതോർത്തു.. കൈകളും കാലുകളും അനക്കിക്കൊണ്ടിരിക്കണം. എന്നാലേ ഞരമ്പുകളിൽകൂടി രക്തയോട്ടം നന്നായി നടക്കുകയുള്ളൂ. വേദനയുണ്ടെങ്കിലും കസേരയിലിരുന്നു അവൾ കാലുകൾ പതുക്കെ ആട്ടിത്തുടങ്ങി.. കുറച്ചു കഴിഞ്ഞപ്പോൾ കാലുകളുടെ ആട്ടം കുറേക്കൂടി വേഗതയിലാക്കി.. കുട്ടിക്കാലം അവൾക്കോർമ്മവന്നു. എവിടെയെങ്കിലും ഇരുന്നു കാലൊന്നാട്ടിയാൽ തുടങ്ങും മുത്തശ്ശിയുടെ വഴക്ക്.. അതും മുൻവശത്തെ തിണ്ണയിലെ ങ്ങാനുമാണെങ്കിൽ പിന്നെ പറയുകയും വേണ്ട.. അന്ന് പുത്തൻമുറി, റേഡിയോമുറി, ചാവടി, തിണ്ണ, അടുക്കള, വരാന്ത എന്നിങ്ങനെയൊക്കെയായിരുന്നു പറയാറ്. ഇന്നതു ബെഡ്റൂം, ഡൈനിങ്ങ് റൂം, ഡ്രായിങ് റൂം സിറ്റൗട്ട് എന്നിങ്ങനെയൊക്കെയായി.. പെൺകുട്ടികൾ കാലുകളങ്ങിനെ ആട്ടിയാൽ വർക്കത്തുകേടാണ് പോലും.. തറവാട് മുടിയാൻ പിന്നെ വേറൊന്നും വേണ്ട..

അവളോർത്തു.. പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ, അമ്മ വീട്ടിൽ നിന്നും 4 കിലോമീറ്റർ അകലെയുള്ള അന്ധകാരനഴി തുറമുഖം കാണാൻ അകന്ന ബന്ധത്തിലുള്ള ഒരു മാമന്റെ കൂടെ പോയത്. അസ്തമയ സൂര്യൻ കടലിൽ മുങ്ങിത്താഴുന്നതിന്റെ ഭംഗി ആസ്വദിച്ചു. പഞ്ചാര മണലിൽ കൂടി തിരകളിൽ കളിച്ചു നടന്നപ്പോൾ സമയം പോയതറിഞ്ഞില്ല. കൂടെ എനിക്ക് താഴെ വയസ്സുകളുള്ള രണ്ടു പെണ്കുട്ടികളുമുണ്ടായിരുന്നു. അമ്മയുടെ അനിയത്തിയുടെ മക്കൾ. വീട്ടിലെത്തിയപ്പോൾ, പച്ച ഈർക്കിലികൾ കൂട്ടിക്കെട്ടിയതുമായി കലി തുള്ളി നിൽക്കുന്നു, മുത്തശ്ശി.. ഇടതുകൈകൊണ്ട് പാവാട ഉയർത്തി വലതുകൈയിലെ ഈർക്കിലുകൾകൊണ്ട് തുടയിൽ ആഞ്ഞാഞ്ഞു പൊതിരെ തല്ലി മുത്തശ്ശി.

അങ്ങനെ ജനിക്കുമ്പോൾ തന്നെ അസ്വാതന്ത്രത്തിൽ വളരുന്ന പെൺകുട്ടി വളരുമ്പോഴും ആ അരുതായ്മകളിൽ നിന്നും രക്ഷപെടുന്നില്ല. അതാണ് കല്യാണം കഴിഞ്ഞും തികച്ചും പരിചിതമല്ലാത്ത ഒരു സാഹചര്യത്തിൽ പോയി ജീവിക്കേണ്ടി വരികയും പല ഗാർഹിക പീഡനങ്ങളും നിശബ്ദം സഹിച്ചു, ആത്മഹത്യയിൽ മോചനം കണ്ടെത്തുകയും ചെയ്യേണ്ടിവരുന്നത്. പല സാഹിത്യകാരന്മാരും സ്ത്രീകളുടെ ഈ ദുരവസ്ഥ തങ്ങളുടെ കൃതിയിൽ വിഷയമാക്കിയിട്ടുണ്ട്.. സ്വാതന്ത്രഭാരതത്തിൽ ആദ്യമായി ഒരു സ്ത്രീ തൂക്കിലേറ്റപ്പെടുന്നു. തന്റെ കുടുംബത്തിലെ ഏഴു പേരെ കാമുകനു വേണ്ടി കോടാലിക്ക് വെട്ടി കൊലപ്പെടുത്താൻ കൂട്ടു നിന്ന ശബ്നം അലി.. സ്ത്രീയുടെ മറ്റൊരു മുഖം..



# ആദരാഞ്ജലികൾ



## സി.ത്രേസ്യാമ്മ ഫിലിപ്പ്

പാലാ ഏരിയ മെമ്പറും റിട്ട് ചീഫ് മാനേജറുമായ ശ്രീ ജോസ് ഫിലിപ്പിന്റെ സഹോദരി അറയ്ക്കൽ കൊഴുവനാൽ പാലാ, പ്രൊവിഡൻസ് കോൺവെന്റ് അംഗം സി.ത്രേസ്യാമ്മ ഫിലിപ്പ് (79) വയസ്സ് , ബാംഗ്ലൂരിൽ നിര്യാതയായി.

ശവസംസ്കാരം . ജൂൺ ഒന്നാം തിയതി ചൊവ്വാഴ്ച്ച നടത്തി. പരേതയുടെ ആന്മശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു. വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല അനുശോചനം രേഖപ്പെടുത്തുന്നു .



സി.ത്രേസ്യാമ്മ ഫിലിപ്പ്

## ഗൗരികുട്ടി അമ്മ



ആശാ നിവാസിൽ കമലമ്മ
(വാലുപറമ്പിൽ ഗൗരികുട്ടി അമ്മ)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോട്ടയം** യൂണിറ്റ് അംഗം നമ്മുടെ വൈക്കം ഏരിയ മെമ്പർ ശ്രീ വി.ആർ. ലക്ഷ്മണൻ നായരുടെ മാതാവ് ആശാ നിവാസിൽ കമലമ്മ (വാലുപറമ്പിൽ ഗൗരികുട്ടി അമ്മ) നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. 88 വയസായിരുന്നു വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലം ഒരു വർഷമായി കിടപ്പിലായിരുന്നു.

**ശവസംസ്കാരം** . ജൂൺ ഒന്നാം തിയതി ചൊവ്വാഴ്ച്ച വീട്ടുവളപ്പിൽ നടത്തി.

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല, കുടുംബത്തി**ന്റെ** ദുഃഖത്തിൽ പങ്ക് ചേരുന്നു അനുശോചനം അറിയിക്കുന്നു.

## ഏലിയാമ്മ ജോസഫ്

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ** (ഏറ്റുമാനൂർ ഏരിയ) **അംഗങ്ങളായ ശ്രീ വി ജെ ജോൺ, ശ്രീമതി ആനിയമ്മ ജോസഫ് എന്നിവരുടെ മാതാവ് വേങ്ങാലിവാക്കേൽ , കുറുമള്ളൂർ ഏലിയാമ്മ ജോസഫ് അന്തരിച്ചു. 93 വയസ്സായിരുന്നു.**



ഏലിയാമ്മ ജോസഫ്

ശവസംസ്കാരം 05-06-2021 ശനിയാഴ്ച 4 മണിക്ക് കുറുപ്പുന്തറ മണ്ണാറപ്പാറ സെന്റ് സേവിയേഴ്സ് പള്ളി സിമിത്തേരിയിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്റർ അനുശോചനം രേഖപ്പെടുത്തുന്നു, കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്ക് ചേരുന്നു

## .ശ്രീമതി.സരോജിനിയമ്മ

കോട്ടയം ബ്രാഞ്ചിൽ നിന്ന് 2021 മെയ് മാസം വിരമിച്ച എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥൻ ശ്രീ രാജേന്ദ്ര കുമാറിന്റെ അമ്മ തുരത്തി തെക്കേടത്ത് പുത്തൻ വാര്യം ശ്രീമതി.സരോജനിയമ്മ നിര്യതയായ വിവരം വ്യസന സമേതം അറിയിക്കുന്നു . 88 വയസ്സായിരുന്നു. ശവദാഹം 10-05-2021 വ്യാഴാഴ്ച്ച ഉച്ചക്ക് 12 മണിക്ക് വീട്ടുവളപ്പിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയയേഷൻ കോട്ടയം ജില്ല സെന്ററിന്റെ അനുശോചനം അറിയിക്കുന്നു



ശ്രീമതി.സരോജനിയമ്മ

## ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ മരുമകൾ ശ്രീമതി.ദീപ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗവും തിരുവനന്തപുരം ഏരിയാ ഡെ. ജനറൽ സെക്രട്ടറിയുമായിരുന്ന ഊറ്റുകുഴി ഫ്യൂച്ചർ സെന്റർ 6 എ 3 മീനാക്ഷിയിൽ ശ്രീ സുരേന്ദ്രനാഥ് ഭാസിന്റെ മകൾ ശ്രീമതി,ദീപ (38) ചെന്നൈയിൽ ഹോസ്പിറ്റലിൽ കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കവെ ആകസ്മികമായി നിര്യാതയായ വിവരം അഗാധമായ ദുഖത്തോടെ, ഖേദപൂർവ്വം അറിയിക്കുന്നു.

## കെ. ഗോപാലകൃഷ്ണൻ

എസ് ബി ഐ പെൻഷൻ അസോസിയേഷന്റെ കൊല്ലം ജില്ലാ കേന്ദ്രത്തിന്റെ അംഗം (LM.5070) ശ്രീ. കെ..ഗോപാല കൃഷ്ണൻ (65) കൃഷ്ണ വിഹാർ, മുണ്ടക്കൽ ഈസ്റ്റ്, കൊല്ലം കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കവെ ആകസ്മികമായി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു.



കെ. ഗോപാലകൃഷ്ണൻ

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുക യും ചെയ്യുന്നു.

# ശ്രീ പ്രതാപ് ((മനു)



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ല അംഗം ശ്രീഎം ആർ സോമനാഥൻ നായരുടെ മകൻ ശ്രീ പ്രതാപ് ((മനു) 40 വയസ്സ് മങ്ങാട്ടുമഠം, പള്ളിയ്ക്കാത്തോട് നിര്യാതനായി. സംസ്കാരം ജൂൺ11 – ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 3 മണിക്ക് വീട്ടുവളപ്പിൽ നടത്തി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.

# പി.ടി.തോമസ് തിരുവനന്തപുരം



പിടി തോമസ്

സെക്രട്ടേറിയറ്റ് റിട്ട . സീനിയർ ഗ്രേഡ് ലൈബ്രേറിയൻ വഴുതക്കാട് വിഘ്നേശ്വര നഗർ പള്ളിയെക്കുന്നേൽ പിടി തോമസ് (78) അന്തരിച്ചു . മല്ലപ്പള്ളി പള്ളിയെക്കുന്നേൽ കുടുംബാംഗം ഭാര്യ: കോട്ടയം പാമ്പാടി കുറിയന്നൂർ കുടുംബാംഗം ഏലിയാമ്മ തോമസ് റിട്ട .( എ സ്.ബി.ടി. ) . മക്കൾ . ജോസഫ് തോമസ് ഐ..ടി. , വി തോമസ് സ്റ്റാർട്ടപ് മിഷൻ . മരുമകൻ : ജിമ്മി തോമസ് (കനറാ ബാങ്ക്) . ശവസംസ്കാരം ശാലോം മാർത്തോമ്മ പള്ളിയുടെ മലമുകൾ സെമിത്തേരിയിൽ നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ഡോ.പി.എൻ. ശങ്കരൻ



ഡോ . പി.എൻ. ശങ്കരൻ

ഡോ. പി.എൻ. ശങ്കരൻ ബംഗളൂരു ; കേരള യു ണിവേഴ്സിറ്റി റിട്ട. ഇക്കണോമിക്സ് വിഭാഗം മേധാവി കോട്ടയം കൊങ്ങാണ്ടൂർ പടിഞ്ഞാറത്തോട്ടത്തിൽ ഡോ . പി എൻ. ശങ്കരൻ ( 72 ) അന്തരിച്ചു . ഭാര്യ:ജയശ്രീ, ശ്രീഭവൻ, കൊട്ടാരക്കര ( റിട്ട . മാനേജർ എസ്ബിഐ ) മക്കൾ : ദീപു ശങ്കർ , ഹരി ശങ്കർ ( ബംഗളൂരു ) . മരുമകൾ : മേഘ്ന. (കണ്ണൂർ).എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# അന്നമ്മ



നടുവിലേപ്പറമ്പിൽ അന്നമ്മ

എസ്.ബി.റ്റി.വാകത്താനം ശാഖയിലെ മുൻ ജീവനക്കാരിയും എസ്.ബി.ഐ.പരിയാരം ശാഖയിലെ ജീവനക്കാ

രൻ കെ.കെ.തോമാച്ചന്റെ മാതാവുമായ കാനം നടുവിലേപ്പറമ്പിൽ അന്നമ്മ (ഞാലിയാകുഴി , കിഴക്കപ്പറമ്പിൽ പരേതനായ കുരുവിള എബ്രഹാമിന്റെ ഭാര്യ) അന്തരിച്ചു . 89 വയസ്സായിരുന്നു.

മക്കൾ : പരേതനായ കെ.കെ എബ്രഹാം., കെ..കെ. മേരിക്കുട്ടി . കെ.കെ. തോമാച്ചൻ (എസ്ബിഐ ,പരിയാരം) , കെ . കെ . ബൈജു. മരുമക്കൾ ലീലാമ്മ എബ്രഹാം, വി സി.വർഗീസ്, ശാന്തമ്മ തോമസ്, പി.യു.ജോർജ്, ജിജി ബൈജു, എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുകയും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു.

# സാമുവൽ മാത്യു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് മുതിർന്ന അംഗം സാമുവൽ മാത്യു (എൽഎം നമ്പർ 78) നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.. തിരുവല്ലാ ശാഖയിൽ ചീഫ് മാനേജർ ആയിരുന്നു. തിരുവനന്തപുരത്ത് കുമാരപുരത്തായിരുന്നു താമസം. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.



സാമുവൽ മാത്യു

ആദരാഞ്ജലികൾ

# പ്രൊഫ.ഡി.എൻ.നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ്, വൈക്കം ഏരിയാ കമ്മിറ്റി അംഗമായ എ.എൻ.സരസമ്മയുടെ ഭർത്താവും നമ്മുടെ അസ്സോസിയേറ്റ് അംഗവുമായ "അക്ഷയ' തലയോലപ്പറമ്പ് വീട്ടിൽ പ്രൊഫ ഡി.നാരായണൻ നായർ ( ഡി.എൻ.നായർ -70) നിര്യതനായ വിവരം വ്യസന സമേതം അറിയിക്കുന്നു .



പ്രൊഫ . ഡി.നാരായണൻ നായർ

പ്രൊഫ . ഡി. എൻ. നായർ ചേർത്തല എൻ.എസ്.എസ് . കോളേജ് ഇംഗ്ലീഷ് വിഭാഗം റിട്ട. അധ്യാപകനും സാംസ്കാരിക പ്രവർത്തകനുമായിരുന്നു. പരേതനായ ദാസ് വൈദ്യന്റെ മകനാണ് . കോൺഗ്രസ് സേവാദൾ, തലയോലപ്പറമ്പ് ബ്ലോക്ക് ചെയർമാൻ , കോൺഗ്രസ് മണ്ഡലം മുൻ വൈസ് പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് . ഭാര്യ : ശ്രീമതി. എ. എൻ. സരസമ്മ ( എസ്.ബി.ഐ. റിട്ട.മാനേജർ ) . മക്കൾ : കൃഷ്ണദാസ് നായർ ( ബെംഗളൂരു ) , മഹേഷ് നായർ ( യു.എസ് .എ. ) . മരുമക്കൾ : ചാന്ദിനി (ഏറ്റുമാനൂർ ) , പാർവതി ( ഇടപ്പള്ളി ) . . ശവസംസ്കാരം 19 ശനിയാഴ്ച രണ്ടിന് വീട്ടുവളപ്പിൽ നടത്തി.



എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ശ്രീ.ഡി.എൻ.നായർക്ക് അന്തിമോപചാരം അർപ്പിയ്ക്കാൻ എത്തിയപ്പോൾ

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ, വൈക്കം

ഏരിയാക്കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ എന്നിവർ ഭവനത്തിലെത്തി ആദരാഞ്ജലികളർപ്പിക്കുകയും കടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തു. .കോട്ടയം ജില്ല സെന്റർ എല്ലാ പ്രവർത്തകരുടെയും പേരിൽ അനുശോചനം അറിയിക്കുന്നു. കുടുംബത്തിന്റെ തീവ്ര ദുഃഖത്തിൽ പങ്ക് ചേരുന്നു.

# എം.എ. തോമസ് മൂഴയിൽ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ യൂണിറ്റ് അംഗം മൂഴയിൽ ജോണിന്റെ സഹോദരൻ, M A തോമസ് മൂഴയിൽ, ഡെപ്യൂട്ടി തഹസീൽദാർ ( റിട്ട . ) പാലാ നിര്യാതനായി. സംസ്കാരം ജൂൺ 25 – ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 3 ½ മണിക്ക് സെന്റ് മേരീസ് പള്ളിയിൽ ( ളാലം പഴയ പള്ളി) നടത്തി.



M A തോമസ് മൂഴയിൽ

വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു.

# ശ്രീമതി സലീലമ്മ



ശ്രീമതി സലീലമ്മ

ശ്രീമതി സലീലമ്മ ( എസ്.ബി.ഐ. റിട്ട.) സെന്റ് തോമസ് കോളേജ് റിട്ട് പ്രൊഫ സി ജെ ജോണിന്റെ ഭാര്യ നിര്യതയായി വളരെക്കാലം പാലാ ബ്രാഞ്ചിൽ ജോലി ചെയ്തിരുന്നു .

ശവസംസ്താരം ജൂൺ 26 – ാം തീയതി ശനിയാഴ്ച രണ്ടിന് പൈകുളം (വള്ളിച്ചിറ) സെന്റ് മേരീസ് പള്ളി സിമിത്തേരിയിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ അനുശോചനം അറിയിക്കുന്നു.

# കെ.കല്യാണി



മുൻ എസ്.ബി.ഐ ഉദ്യോഗ സ്ഥൻ പരേതനായ ഗോപിയുടെ ഭാര്യാ മാതാവും, എസ്.ബി.ഐ. , കരിമണ്ണൂർ , തൊടുപുഴ, ശാഖയിലെ ഉദ്യോഗസ്ഥ ശ്രീമതി വി.പി. സുജാതയുടെ മാതാവും, തപാൽവകുപ്പ് റിട്ട ഉദ്യോഗസ്ഥൻ മൂലവട്ടം :. വാലടിച്ചിറയിൽ പരേതനായ കെ . വി..പാപ്പന്റെ ഭാര്യ കെ..കല്യാണി അന്തരിച്ചു . പിച്ചാപ്പള്ളിൽ കുടുംബാംഗ മാണ് . 80 വയസ്സായിരുന്നു. മക്കൾ : വി.പി.സു ധാകരൻ ( റിട്ട . എക്സൈസ് ഇൻസ്പെക്ടർ, വി.പി.സുധർമ്മ ( ഏലപ്പാറ ) . മരുമക്കൾ :, മോഹനൻ (ഗവ . പോളിടെ ക്നിക് കോളേജ് , കുമളി ) , റാണി ( വേളൂർ ) . ശവസംസ്കാരം ജൂൺ 26–ാം തീയതി ശനിയാഴ്ച 11 മണിക്ക് മൂലവട്ടം മുപ്പായിക്കാട് എ . കെ.സി.എച്ച്.എം.എസ് . ശ്മശാനത്തിൽ നടത്തി. .

# ശ്രീമതി. കൃഷ്ണകുമാരി



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ യൂണിറ്റ് അംഗം ശാസ്തമംഗലം ശ്രീരംഗം ലെയിനിൽ രമ്യയിൽ എ.രാമചന്ദ്രൻ നായരുടെ ഭാര്യ ശ്രീമതി.കൃഷ്ണകുമാരി അന്തരിച്ചു. 85 വയസ്സായിരുന്നു. പ്രിയപ്പെട്ട ശ്രീ രാമചന്ദ്രൻ നായരുടെയും കുടുംബാംഗങ്ങളുടെയും ദു:ഖത്തിൽ പങ്ക് ചേരുന്നു.

# പാറശാല പൊന്നമ്മാൾ



പദ്മശീ.പാറശാല പൊന്നമ്മാൾ

വിഖ്യാത കർണാടക സംഗീതജ്ഞ പദ്മശീ.പാറശാല പൊന്നമ്മാൾ അന്തരിച്ചു. നവരാത്രി മണ്ഡപത്തിൽ ആദ്യമായി പാടിയ വനിതയാണ്. പത്മശ്രീ, സംഗീത നാടക അക്കാദമി അവാർഡ്, ചെമ്പൈ പുരസ്കാരം, സ്വാതി സംഗീത പുരസ്കാരം എന്നിങ്ങനെ നൽകി രാജ്യം അവരെ ആദരിച്ചിട്ടുണ്ട്.

**ആദരാഞ്ജലികൾ**

.

# പൂവച്ചൽ ഖാദർ

മലയാളം ഹൃദയത്തിലേറ്റിയ പ്രണയാർദ്ര ഗാനങ്ങളുടെ ശിൽപി, കവിയും ഗാന രചയിതാവുമായ പൂവച്ചൽ ഖാദർ വിടപറഞ്ഞു. കോവിഡ് ബാധയെത്തുടർന്നു തിരുവനന്തപുരം മെഡിക്കൽ കോളജിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു.



പൂവച്ചൽ ഖാദർ

അദ്ദേഹത്തിന്റെ അന്ത്യം രാത്രി 12.15ന് ആയിരുന്നു. “എന്തിനു വേറൊരു സൂര്യോദയം നീയെൻ പൊന്നുഷസന്ധ്യയല്ലേ”,, ഇന്ദ്രവല്ലരി പൂ ചൂടി വരും തുടങ്ങി മലയാളി ഹൃദയത്തോട് ചേർത്തുവച്ച നിരവധി ഗാനങ്ങളുടെ രചയിതാവ്’. മുന്നൂറിലേറെ ചിത്രങ്ങളിലായി രണ്ടായിരത്തോളം ഗാനങ്ങളെഴുതി. ‘നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ...’ (ചാമരം), ‘ഏതോ ജന്മ കൽപനയിൽ...’ (പാളങ്ങൾ), ‘അനുരാഗിണി ഇതായെൻ...’ (ഒരു കുടക്കീഴിൽ), ‘ശരറാന്തൽ തിരിതാഴും...’ (കായലും കയറും) തുടങ്ങിയവയടക്കം ഖാദറിന്റെ ഗാനങ്ങളിൽ പലതും എക്കാലത്തും മലയാളികൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവയാണ്. ഖാദറിന്റെ നാടകഗാനങ്ങളും ലളിത ഗാനങ്ങളും മാപ്പിളപ്പാട്ടുകളും മലയാളിയുടെ സംഗീതജീവിതത്തിന്റെ കൂടി ഭാഗമാണ്. പൊതുമരാമത്തു വകുപ്പിൽ എൻജിനീയറായിരുന്നു. ആമിനയാണ് ഭാര്യ. മക്കൾ: തുഷാര, പ്രസൂന.

**ആ അതുല്യപ്രതിഭക്ക് ആദരാഞ്ജലികൾ**

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

## ഉപദേശക സമിതി

ശ്രീ.കെ.രാജീവൻ, സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി

രക്ഷാധികാരി

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

മാനേജിംഗ് എഡിറ്റർ ശ്രീ.എം.ജി.രാഘവൻ

ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്

**പത്രാധിപ സമിതി അംഗങ്ങൾ**

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

സി.കെ.വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും
പൂർണ്ണമാകുന്നില്ല.
കുറവുകൾ ഞങ്ങളുടെ
ശ്രദ്ധയിൽപ്പെടുത്തിയാലും.
അഭിപ്രായങ്ങൾ
ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ

SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com